

# ബൈബിൾ ദൂത്



# യേശു: കരുണാമയനായ കർത്താവു്



കേരളത്തുവിൻ : **ജോൺ ഡ്രീഗ് ശീൾ** അവതരിപ്പിക്കുന്ന പ്രത്യേക പ്രസംഗങ്ങൾ **1988 ഫെബ്രുവരി 1 മുതൽ 5 വരെ വൈകുന്നേരം 7 മണിക്കു് ചിററിലപ്പിള്ളി കമ്മ്യൂണിററി ഹാളിൽ**

---


# ALMOST FREE!

## Excellent Christian Literature

You can receive 30 books (english), worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to:

**THE BIBLE TEACHER**
**C-22 N. D. S. E. 2**
**New Delhi-110049**

# ബൈബിൾ ദൂത്

Editors:


**P. K. VARGHESE** **J. C. CHOATE**

*** *** ***

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 1** **January 1988** **No. 10**


ബൈബിളിൽ വിശ്വസിക്കുന്നവരും അല്ലാത്തവരും യേശുക്രിസ്തുവിന്റെ ജനനത്തെ ആഘോഷിക്കുന്നവർ ധാരാളമുണ്ട്. എന്തിനു വേണ്ടി ഇത് ആചരിക്കുന്നുവെന്നു ചോദിച്ചാൽ കിട്ടുന്ന മറുപടി വ്യത്യസ്തമായിരിക്കും. ലോകത്തിന്റെ പാപം ചുമന്നൊഴിക്കുവാൻ വന്ന രക്ഷകന്റെ പിറവിയെ ആഘോഷിക്കുന്നതിന് മദ്യം ഒരു അവിഭാജ്യ ഘടകമായി മാറിയിരിക്കുന്നു. ഏറ്റവും കൂടുതൽ മദ്യവില്പന നടക്കുന്നതും ഈ കാലങ്ങളിലാണ്. എന്നാൽ യേശുക്രിസ്തുവോ തന്റെ ശിഷ്യന്മാരോ ക്രിസ്തുമസ് അഥവാ യേശുവിന്റെ ജന്മദിനാഘോഷത്തെക്കുറിച്ച് പറഞ്ഞിട്ടില്ല; ആചരിച്ചിട്ടില്ല. മദ്യപാനി സ്വർഗ്ഗ രാജ്യത്തിൽ പ്രവേശിക്കയില്ല എന്നരുളിച്ചെയ്ത ആ ദിവ്യ പുരുഷന്റെ നാമത്തിൽ ഇവർ മദ്യം ഉപേക്ഷിച്ചിരുന്നെങ്കിൽ എന്നു ഞാൻ പ്രത്യാശിക്കുന്നു. സമൃദ്ധിയിലേക്കും ആത്മീയ പ്രബോധത്തിനു സ്വയം സമർപ്പിക്കപ്പെടുന്ന സന്തോഷത്തിലേക്കും ഒരു പുതു വർഷം മാന്യവായനക്കാർക്ക് ലഭ്യമാകട്ടെ.

**പി. കെ. വർഗ്ഗീസ്**

# നാം നമ്മെത്തന്നെ സൂക്ഷിക്കുക

J. C. ചോട്ടു്

ഭൂമുഖത്തു വസിക്കുന്ന മനുഷ്യരെ സ്വാധീനിക്കുന്നതിൽ വളരെ പ്രധാനപ്പെട്ട പങ്കു വഹിക്കുന്ന ഒരു ഘടകമാണ് സിനിമകൾ. മനുഷ്യമനസ്സുകളുടെ ബലഹീനതയെ ചൂഷണം ചെയ്യുവാനും ഈ മാദ്ധ്യമം ഉപയോഗിക്കപ്പെടാറുണ്ട്.

ദൈവത്തെ പൂർണ്ണമായി സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ സിനിമയ്ക്കുള്ള സ്ഥാനമെന്താണെന്നു പലരും അന്വേഷിക്കാറുണ്ട്. ഒരിക്കലും ഒരു വിശ്വാസി സിനിമ കാണുവാൻ പാടില്ല എന്ന് പഠിപ്പിക്കുന്നവരും നമ്മുടെ ഇടയിലുണ്ട്. സിനിമ വ്യവസായത്തിൽ തന്നെ പല തരത്തിലുള്ള ഘടകങ്ങളുണ്ട്. വിജ്ഞാനത്തിനും, മാനസിക ഉല്ലാസത്തിനും, മതപരമായ വിശ്വാസത്തിനും ചരിത്രസംഭവങ്ങൾ രേഖപ്പെടുത്തുന്നതിനും വേണ്ടി പല തരത്തിൽ സിനിമ വ്യവസായം വ്യാപിച്ചു കിടക്കുന്നു.

സിനിമയെ നാം പൂർണ്ണമായും നിഷേധിക്കുമ്പോൾ.....വിജ്ഞാനത്തിനും, വളർച്ചയ്ക്കുമുള്ള ചില വാതിലുകൾ നാം അടച്ചുകളയുകയല്ലേ ചെയ്യുന്നത്. എങ്കിൽ സിനിമയെ പൂർണ്ണമായും നമുക്ക് അംഗീകരിക്കുവാൻ കഴിയുമോ എന്ന ചോദ്യത്തിന് പൂർണ്ണമായും (അതായത് എല്ലാ സിനിമകളും) മനുഷ്യന്റെ ക്രിസ്ത്യാനിയുടെ, വളർച്ചയ്ക്കു് സഹായകരമല്ല എന്നും സമ്മതിക്കേണ്ടി വരും.

അപ്പോൾ സിനിമകളെ നാം തരം തിരിച്ചു്, വിവേചിച്ചു് മനസ്സിലാക്കേണ്ടിയിരിക്കുന്നു. എപ്രകാരമുള്ള സിനിമകൾ നമ്മുടെ വിശുദ്ധമായ ക്രിസ്തീയ ജീവിതത്തെ വ്രണപ്പെടുത്തും, ദൈവത്തോടുള്ള ബന്ധത്തിനു് മങ്ങലേൽപ്പിക്കും എന്നെല്ലാം ചിന്തിച്ചു് ശരിയായ ബോധത്തോടുകൂടി നാം കാണേണ്ട സിനിമകൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. അശ്ലീല ചുവയുള്ള സിനിമകൾ കാണുവാൻ നാം തീരുമാനിക്കുന്നു വെങ്കിൽ നാം അറിയാതെ വളരെ പെട്ടെന്നുതന്നെ പാപത്തിന്റെ ബന്ധനത്തിൽ വീണുപോകും. അത്തരത്തിലുള്ള സിനിമ കാണുന്നതിനാൽ എനിക്കു് ഒന്നും സംഭവിക്കുകയില്ല എന്നു് ഒരു ക്രിസ്ത്യാനി തീരുമാനിക്കുന്നുവെങ്കിൽ (തോന്നുന്നുവെങ്കിൽ) ആ വ്യക്തിയ്ക്കു് പാപത്തോടുള്ള ആഗ്രഹത്തെയാണ് ആ തീരുമാനം സൂചിപ്പിക്കുന്നതു്. അങ്ങനെയുള്ളവർക്കു് ഒരിക്കലും പാപത്തിൽ

നിന്നു് പൂർണ്ണമായി വിട്ടു നിൽക്കുവാൻ കഴിയുകയില്ല. ആയതിനാൽ കഴിയുന്നതും ഇത്തരത്തിലുള്ള സിനിമകളെല്ലാം നാം ഉപേക്ഷിക്കണം.

ഇന്നു് പുറത്തിറങ്ങുന്ന സിനിമകളിൽ ഭൂരിപക്ഷവും ലൈംഗികതയ്ക്കും അക്രമത്തിനും പ്രാധാന്യം കൊടുക്കുന്നവയാകുന്നതിനാൽ നല്ല സിനിമകൾ എങ്ങനെ കണ്ടെത്തും ? അപ്പോൾ സിനിമകളിൽ നിന്നു് നാം വളരെ അകന്നു നിൽക്കേണ്ടി വരും. സിനിമ കാണുന്നതിൽ നിന്നു് നമ്മുടെ ആത്മിക ജീവിതത്തിനും ഭൗതിക ജീവിതത്തിനും യാതൊരു ലാഭവും വരുന്നില്ല എന്നു മാത്രമല്ല, നഷ്ടമാണ് സംഭവിക്കുന്നതു്. എങ്കിൽ നാം എന്തിനായി ആ സ്വഭാവത്തിനു് അടിമപ്പെടണം. സിനിമകൾ ഒരിക്കലും നമ്മുടെ ബലഹീനതയായി മാറുവാൻ നാം അനുവദിക്കരുതു്. വിജ്ഞാനപ്രദമായ ഒരു ചിത്രമെന്നു കരുതി തിയേറ്ററിനുള്ളിൽ നാം കയറിയപ്പോൾ ആ ചിത്രത്തിൽ അല്പം ലൈംഗികതയും പ്രദർശിപ്പിക്കുന്നതായി കാണുന്നുവെങ്കിൽ ആ നിമിഷം തന്നെ തീയേറ്ററിനുള്ളിൽ നിന്നു് പുറത്തു കടക്കുവാനുള്ള വിവേചനാ ബുദ്ധിയും, ധൈര്യവും നമുക്കുണ്ടായിരിക്കണം. എങ്കിൽ മാത്രമേ സിനിമ നമ്മെ അടിമപ്പെടുത്താതെ നമുക്കു് സിനിമയെ നിയന്ത്രിക്കുവാൻ കഴിയുകയുള്ളു. നമ്മുടെ ഹൃദയത്തിനുള്ളിൽ ഒരിക്കലും പാപത്തെ സ്നേഹിക്കുവാൻ, ലാളിക്കുവാൻ ആഗ്രഹിക്കുന്നില്ല എങ്കിൽ പാപത്തെ വെറുത്തു നില്ക്കുവാൻ നമുക്കു കഴിയും.

എല്ലാ കാര്യങ്ങളിലും നന്മയും തിന്മയും അടങ്ങിയിരിക്കുന്നു എന്നതിനാൽ ''ഞാൻ സിനിമകളെ പൂർണ്ണമായി വെറുക്കുന്നു'' എന്ന അഭിപ്രായം ഉപേക്ഷിച്ചു്...വസ്തുതകളിലെ നന്മയെ കണ്ടെത്തി അതിനെ പ്രയോജനപ്പെടുത്തുവാൻ നമുക്കു കഴിയണം... എന്തെങ്കിലും ഒരു സഹോദരനു വേണ്ടി നമ്മുടെ സ്വഭാവങ്ങൾ നാം നിയന്ത്രിക്കേണ്ടിവരും....ആ സഹോദരനു് സത്യത്തെക്കുറിച്ചുള്ള പരിജ്ഞാനം നാം നല്കുവാനും കടപ്പെട്ടിരിക്കുന്നു....

ചില ക്രിസ്ത്യാനികൾക്കു് ഇപ്രകാരം സിനിമകളിലെ നന്മയും തിന്മയും തിരിച്ചറിയുവാൻ കഴിയുന്നതിനു് ബുദ്ധിമുട്ടു നേരിടുന്നുവെങ്കിൽ സിനിമകളിൽ നിന്നുവിട്ടു നിൽക്കുന്നതാണു് നല്ലതു്.

കൂടാതെ ക്രിസ്ത്യാനികളായ നമ്മുടെ ക്രിസ്തീയ ജീവിതത്തിനും, സുവിശേഷ പ്രവർത്തനങ്ങൾക്കും ഒരിക്കലും ഒരു തടസ്സമാകരുതു് നമ്മുടെ സ്വഭാവങ്ങളും ഇഷ്ടങ്ങളും. നാം ഈ ലോകത്തിലെ അനേകരെപ്പോലെ അവരുടെ വഴികളിൽ സഞ്ചരിക്കുന്നു വെങ്കിൽ ഒരിക്കലും ഒരു സാക്ഷ്യം നമ്മിൽ ഉണ്ടാകുകയില്ല.

മേൽ ഉദ്ധരിച്ച കാര്യങ്ങളിൽ നിന്ന് നാം മനസ്സിലാക്കേണ്ട ഒരു കാര്യം....ഒരു ക്രിസ്ത്യാനി സിനിമ കാണുന്നതിനു് ആഗ്രഹിക്കുന്നുവെങ്കിൽ ആ തീരുമാനം തികച്ചും വ്യക്തിപരം മാത്രം. തിരുവചനത്തിൽ സിനിമകളെക്കുറിച്ചു് പ്രതിപാദിച്ചിട്ടില്ല....പക്ഷേ തിന്മയോടു അകന്നു നിൽക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു. സിനിമകളിൽ നിന്നു് നന്മ നേടുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ള തീരുമാനമാണ് ഒരു വ്യക്തി എടുക്കുന്നതെങ്കിൽ വളരെ കരുതലോടു കൂടിയായിരിക്കണം ജീവിക്കേണ്ടതു്. മറ്റൊരു കാര്യം....ഈ ലോകത്തിന്റെ ചട്ടങ്ങളിൽ ഒന്നായ സിനിമ ലോകക്കാർക്കു വേണ്ടി നിർമ്മിച്ചിട്ടുള്ളതിനാൽ ഈ ലോകത്തിൽ നിന്നു് വേറിട്ടു നിൽക്കുന്നവരായ ക്രിസ്ത്യാനികൾക്ക് സിനിമ എപ്രകാരം സംതൃപ്തി നല്കും ?

ഒരു വിശ്വാസി സിനിമ കാണുന്ന വ്യക്തി എങ്കിൽ മററുള്ളവർ തന്റെ വഴി പിന്തുടരണമെന്നും, മറെറാരാൾ സിനിമ പൂർണ്ണമായി ഉപേക്ഷിച്ചിരിക്കുന്ന വ്യക്തിയായതിനാൽ മററുള്ളവരും തന്നെപ്പോലെ സിനിമയെ വെറുക്കുന്നവരായിരിക്കണം എന്നും ആരെയും നിർബന്ധിക്കുവാൻ അവകാശമില്ല. യഥാർത്ഥമായ അറിവോടു കൂടി വ്യക്തികൾ തന്നെ തങ്ങളുടെ തീരുമാനം തിരുവചനത്തിന്റെ വെളിച്ചത്തിൽ എടുക്കട്ടെ.

സിനിമ കാണുന്നതിനുള്ള ആഗ്രഹം ഒരിക്കലും ഒരു വിശ്വാസിയിൽ ഉണ്ടാകുവാൻ പാടില്ല. അപ്രകാരം സിനിമയോടുള്ള ഒരു പ്രതിപത്തി ഉണ്ടാകുന്നുവെങ്കിൽ ആ വ്യക്തി ഒരു സിനിമയിൽ അല്പം തിന്മയുടെ വശം ഉൾക്കൊണ്ടിരുന്നാലും തന്റെ ആഗ്രഹത്തിനു വേണ്ടി ആ സിനിമ കാണുന്നതിന് തീരുമാനമെടുക്കും... അങ്ങനെ ആ സഹോദരൻ അറിയാതെ തന്നെ തിന്മയുടെ അടിമത്വത്തിൽ അകപ്പെട്ടു പോകുവാൻ ഇടയാകും. ആയതിനാൽ നമ്മുടെ തീരുമാനങ്ങൾ തികച്ചും സത്യസന്ധമായിരിക്കണം.

സിനിമ കാണുന്നത് പൂർണ്ണമായി ഉപേക്ഷിക്കുന്ന ഒരാൾ ലോക വിജ്ഞാനത്തിൽ കുറവുള്ളവനാകുമോ? ഒരിക്കലുമില്ല....നമ്മുടെ രാജ്യത്തിലെ വസ്തുത അനുസരിച്ച് ഇവിടത്തെ സിനിമകൾ പൂർണ്ണമായും വിജ്ഞാനത്തെക്കാളുപരി മനുഷ്യനെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടി നിർമ്മിക്കപ്പെടുന്നവയാണ്....ഇന്നത്തെ മനുഷ്യന് ആവശ്യമായിരിക്കുന്നത് ലൈംഗികതയുടെ അതിപ്രസരവും, അക്രമത്തിന്റെ വീര്യവുമാണ്....അത്തരത്തിലുള്ള മനുഷ്യനെ സന്തോഷിപ്പിക്കുന്നതിനായി ലാഭം മാത്രം ലക്ഷ്യം വച്ചിട്ടുള്ള സിനിമാ നിർമ്മാതാക്കൾ മാനുഷിക മൂല്യങ്ങളെയും, ധാർമ്മിക നിലവാരത്തെയും കാറ്റിൽ പറത്തുന്നു.

ഈ സിനിമാശാലകളിൽ നിന്ന് പുറത്തിറങ്ങുന്ന മനുഷ്യന്റെ സിരകളിലുള്ള രക്തം തങ്ങൾ സ്ക്രീനിൽ കണ്ട ആ സംഭവങ്ങൾ ജീവിതത്തിൽ പ്രായോഗികമാക്കുവാൻ ശ്രമിക്കുന്നു.

അങ്ങനെ കുടുംബങ്ങൾ തകരുന്ന രീതിയിൽ സിനിമകൾ അനേകരെ അടിമകളാക്കി തീർക്കുന്നു.

ഇങ്ങനെയുള്ള വിജ്ഞാനം ഒരു നേട്ടമല്ല....പക്ഷേ മനുഷ്യമൂല്യങ്ങളുടെ നഷ്ടം മാത്രം....ആയതിനാൽ ഇവയിൽ നിന്നു പൂർണ്ണമായി വേറിട്ടു നിൽക്കുന്നുവെങ്കിൽ ഇവയെക്കുറിച്ച് ശരിയായി മനസ്സിലാക്കുന്നതിനും....സിനിമയുടെ ദൂഷ്യവശങ്ങളെ വിലയിരുത്തുവാനും ഒരാൾക്ക് കഴിയും. മററു മാദ്ധ്യമങ്ങളിലൂടെ ചരിത്രപരമായ, മതപരമായ, സാമൂഹ്യപരമായ വിജ്ഞാനം നേടിയെടുക്കുവാൻ ഇന്ന് സാദ്ധ്യമാണ്.

ദൈവത്തിന്റെ വചനമെന്ന അമൂല്യമായ സമ്പത്ത് ശരിയായി വിവേചിച്ച് അപഗ്രഥിക്കുമെങ്കിൽ ആ അറിവ് ഒരുവനെ സകലരിലും ജ്ഞാനിയാക്കി തീർക്കും.

മിക്ക കുടുംബ സിനിമകളിലും ചിത്രീകരിക്കപ്പെടുന്ന സംഭവങ്ങൾ സാധാരണമായ കുടുംബ ജീവിതത്തിൽ പലർക്കും നേടിയെടുക്കുവാൻ കഴിയാത്തവയാണ് എന്നതിനാൽ സിനിമയിലൂടെ തങ്ങളുടെ ആഗ്രഹം സഫലീകരിക്കുവാൻ ശ്രമിക്കുന്നവരും നമ്മുടെ ഇടയിലുണ്ട്. സമാധാനമില്ലാത്ത, സ്നേഹമില്ലാത്ത കുടുംബത്തിന്റെ അന്തരീക്ഷങ്ങളിൽ നിന്ന് സിനിമാ തിയേറററുകളിൽ ആശ്രയം തേടിയെത്തുന്ന അനേകം സ്ത്രീപുരുഷന്മാർ സർവ്വസാധാരണമാണ്....യുവതീയുവാക്കൾ തങ്ങളുടെ ഭാവി ജീവിതത്തെ സിനിമാ സ്ക്രീനിലൂടെ സ്വപ്നം കാണുന്നു....സിനിമകളിലെ നായകന്മാരെയും, നായികമാരെയും മനസ്സിൽ വച്ച് ആരാധിക്കുന്ന തരത്തിലുള്ള അന്ധതയിലും ഇന്ന് സമൂഹം എത്തിയിരിക്കുന്നു.

ഒരു സിനിമയിൽ ദൈവമായി അഭിനയിച്ച മനുഷ്യൻ മറെറാരു സിനിമയിൽ ഒരു ബലാൽസംഗ രംഗത്തിൽ വില്ലനായി തീരുമ്പോൾ എന്തുകൊണ്ട് സത്യം കാണുവാൻ മനുഷ്യമനസ്സുകൾ ഉണരുന്നില്ല. മനുഷ്യന്റെ ബലഹീന വികാരങ്ങളെ ചൂഷണം ചെയ്യുന്നതിനുവേണ്ടി, ആദായ ലക്ഷ്യത്തോടെ, ഒരു സംഘം ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നതിന്റെ ഫലമാണ് സിനിമ.

സിനിമയിലെ മാന്യൻ ജീവിതത്തിൽ മോശകരമായ ജീവിതം നയിക്കുന്ന വ്യക്തിയായിരിക്കാം....പതിവ്രതയായി വേഷമിട്ട പെൺകുട്ടി കുത്തഴിഞ്ഞ ജീവിതത്തിന്റെ ഉടമയായിരിക്കാം ഒരു പക്ഷേ!

ഇതൊക്കെ ആർ ചിന്തിക്കുവാൻ....മനുഷ്യനുവേണ്ടത് ചില വാക്കുന്നു മൂല്യത്തിന്റെ ആസ്വാദനം മാത്രം. അതിനേക്കാളുപരി തിന്മയുടെ ബന്ധനമോ, ധാർമ്മികമൂല്യങ്ങളുടെ തകർച്ചയോ, കുടുംബ ബന്ധങ്ങളുടെ പോരായ്മയോ മനുഷ്യനെ അലട്ടുന്നില്ല.

ദൈവ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യ ശരീരങ്ങളെ വിശുദ്ധമായി സൂക്ഷിക്കുന്നതിനുപോലും ഇന്നത്തെ ജനത്തിന് കഴിയുന്നില്ല....ജഡ മോഹത്തിൽ അടിസ്ഥാനപ്പെട്ട ജീവിതവും സ്വഭാവവുമാണ് ഇന്ന് അനേകരിലും ദൃശ്യമാകുന്നത്....ഒരിക്കലും അവർക്ക് സംതൃപ്തി കൈവരുന്നതുമില്ല.

ഇങ്ങനെ എത്രയെത്ര രീതിയിൽ മനുഷ്യനെ പാപത്തിന്റെ അടിമത്വത്തിലേക്ക് സിനിമകൾ വലിച്ചിഴക്കുന്നു.

പ്രിയ സുഹൃത്തേ, നിങ്ങൾ സിനിമയുടെ അടിമയായി തീർന്നിട്ടുണ്ടോ....? ആ അടിമ നുകം വലിച്ചെറിയൂ!

(അടുത്ത ലക്കത്തിൽ ടെലിവിഷനും ക്രിസ്ത്യാനിയും എന്ന വിഷയത്തെ പറ്റി).

---

# തിരുവചനത്തിലെ സഭ

## സഭയുടെ ഐക്യം (Unity of the Church)

സഭയുടെ ഐക്യം എന്ന വിഷയം വളരെയധികം ഹൃദയങ്ങളിൽ സ്വാധീനം ചെലുത്തിയിട്ടുള്ളതും ചെലുത്തുന്നതുമായ ഒരു കാലഘട്ടമാണല്ലോ ഇത്. പല വിശ്വാസികളും വളരെ ആത്മാർത്ഥതയോടെ ഇങ്ങനെ ഒരു ഐക്യത്തിനു വേണ്ടി ആഗ്രഹിക്കുന്നവരാണ്....ആയിരക്കണക്കിനു വിഭാഗങ്ങളായി ക്രിസ്ത്യാനിത്വം അതിന്റെ സ്വാധീനം നഷ്ടപ്പെടുത്തി കൊണ്ടിരിക്കുകയും ശക്തി ഇല്ലാത്തതായി തീരുന്നതിനാലുമാണ് ഒരു ക്രിസ്തീയ ഐക്യത്തിനു വേണ്ടി എല്ലാവരും ആഗ്രഹിക്കുന്നത്. ഐക്യത എന്ന ഓമനപ്പേരും പറഞ്ഞു താല്ക്കാലികമായി ഒന്നിച്ചു ഒരേ വേദിയിൽ പ്രത്യക്ഷപ്പെട്ടതു കൊണ്ടോ....തീരുമാനങ്ങൾ എടുത്തതുകൊണ്ടോ യഥാർത്ഥമായ ഒരു യോജിപ്പു ഉണ്ടാകുന്നില്ല (agreeing to disagree).

സത്യമായ ഒരു ഐക്യത്തിന് എന്താണ് വഴി ? അതിനുള്ള ഉത്തരം ദൈവത്തിന്റെ വചനത്തിനു മാത്രമേ നല്കുവാൻ കഴിയുകയുള്ളൂ....മതപരമായതും മനുഷ്യ ജീവിതത്തിന്റെ മററു എല്ലാ വശങ്ങളെക്കുറിച്ചും ആധികാരികമായി പ്രസ്താവിക്കുന്ന ഒന്നാണ് ബൈബിൾ. യഥാർത്ഥമായ ക്രിസ്തീയഐക്യം ആഗ്രഹിക്കുന്നുവെങ്കിൽ

എല്ലാ വ്യക്തികളും അവരുടെ സ്വന്തമായ ഉപദേശങ്ങളും, തത്വങ്ങളും സഭകളും, ആചാരങ്ങൾ തുടങ്ങിയവയെല്ലാം ഉപേക്ഷിക്കുവാൻ തയ്യാറാകണം. ബൈബിൾ കൈയിലെടുത്തു് ആത്മാർത്ഥതയോടെ ദൈവത്തിന്റെ വാക്കുകളിലൂടെ ഐക്യത്തിനുള്ള മാർഗ്ഗം അന്വേഷിക്കണം. ഇപ്രകാരം പൂർണ്ണ ഹൃദയത്തോടെ ദൈവവചനത്തെ എല്ലാ മനുഷ്യരും അനുസരിക്കുവാൻ തയ്യാറാകുമെങ്കിൽ ക്രിസ്തു ആഗ്രഹിച്ചതും പ്രാർത്ഥിച്ചതും പോലെ (യോഹന്നാൻ 17) യഥാർത്ഥമായ ഐക്യം സാദ്ധ്യമാകും. എല്ലാ വ്യക്തികളും ദൈവവചനത്തെ (സ്വന്തമായ ദേദഗതികൾ ചേർക്കാതെ) പൂർണ്ണമായി അനുസരിക്കുമ്പോൾ എല്ലാവരും ഒന്നു തന്നേ വിശ്വസിക്കുന്നവരും, ഒന്നു തന്നേ ഉപദേശിക്കുന്നവരും, ഒരേ നാമം ധരിക്കുന്നവരും, ഒരേ പ്രവൃത്തി ചെയ്യുന്നവരും ആയിതീരുന്നു. ഐക്യത്തിനുള്ള ഈ ലഘുവായ ദൈവ വഴി ഉപേക്ഷിച്ചു് മനുഷ്യരെ ആശ്രയിക്കുകയും അനുഗമിക്കുകയും ചെയ്യുമ്പോഴാണ് ഭിന്നത ഉണ്ടാകുന്നതു്.

ദൈവവചനം ഭിന്നത ഉണ്ടാക്കുന്നവരെ വെറുക്കുന്നു....സഹോദരന്മാരുടെ ഇടയിൽ വഴക്കുണ്ടാക്കുന്നവനെ യഹോവ വെറുക്കുന്നു എന്നാണ് ശലോമോൻ എഴുതിയതു് (സദൃശവാക്യങ്ങൾ 6:19).

കൊരിന്ത്യർക്കു് പൗലോസ് എഴുതിയ ഒന്നാം ലേഖനത്തിന്റെ ആരംഭത്തിൽ നാം വായിക്കുമ്പോൾ സഭയിൽ ഭിന്നത നിലനിന്നിരുന്നു എന്നു മനസ്സിലാകുന്നു. അപ്പോസ്തലനായ പൗലോസ് വളരെ സൂക്ഷ്മതയോടെ ആ ഭിന്നതയുടെ കാരണത്തെ കണ്ടെത്തി അവരെ ഉപദേശിക്കുന്നതായി കാണാം—പൗലോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക ''സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒന്നു തന്നേ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഇല്ലാതെ ഏക മനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു ഞാൻ നിങ്ങളെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നതു'' 1 കൊരിന്ത്യർ 1:10. അവരോടു് അപ്പോസ്തലൻ ചോദിക്കുന്ന ചോദ്യങ്ങൾ വളരെ ശ്രദ്ധേയമാണ്. അവരുടെ പ്രവൃത്തിയെക്കുറിച്ചു് അവരെ ബോധവാന്മാരാക്കുന്ന ആ ചോദ്യങ്ങൾ ഇങ്ങനെയായിരുന്നു. ക്രിസ്തു വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ ?
പൌലോസ് നിങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ടുവോ ?
അല്ല, പൌലോസിന്റെ നാമത്തിൽ നിങ്ങൾ സ്നാനം ഏററുവോ ?

ക്രിസ്തുവിൽ നിന്നു് വേർപെട്ടു പോകുന്ന അവസ്ഥയാണ് ഭിന്നത മൂലം സംജാതമാകുന്നതു് എന്നു അവർക്കു് മനസ്സിലാക്കുവാൻ അധികം സമയം വേണ്ടി വന്നില്ല. ഈ മൂന്നു ചോദ്യങ്ങൾക്കു ''ഇല്ല'' എന്ന ഉത്തരം നല്കുവാൻ അവർക്കു് കഴിയുമായിരുന്നില്ല....

മറ്റൊരു ഭാഗത്ത് പൗലോസ് വിശ്വാസികളെ താക്കീതു ചെയ്യുന്നത് ഇപ്രകാരമാണ്: "സഹോദരന്മാരേ, നിങ്ങൾ പഠിച്ച ഉപദേശത്തിന്നു വിപരീതമായ ഭിന്നപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളേണമെന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. അവരോടു അകന്നു മാറുവിൻ. അങ്ങനെയുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെ അല്ല, തങ്ങളുടെ വയറിനെയത്രേ സേവിക്കയും ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചുകളകയും ചെയ്യുന്നു. റോമർ 16:17–18''

(ദയവായി കൊല്ലൊസ്സ്യർ 2:20–22, മത്തായി 15:9 എന്നീ ഭാഗങ്ങളും വായിക്കുക.)

ഈ ഭാഗങ്ങളിൽ നിന്നെല്ലാം വ്യക്തമായി നാം മനസ്സിലാക്കുന്നത് മാനുഷ കല്പനകൾ പഠിപ്പിക്കുകയും, അനുസരിക്കുകയും ചെയ്യുക, വചനത്തെ വിട്ടുകളഞ്ഞു് മറ്റു ആചാരങ്ങളെയും ചരിത്രങ്ങളെയും പിൻപറ്റുക, മനുഷ്യപ്രീതി നേടുക തുടങ്ങിയവയെല്ലാം ഭിന്നത ഉളവാക്കുന്നു എന്നാണ്. മറുവശത്ത്, ക്രിസ്തുവിനെ പൂർണ്ണമായി അനുസരിക്കുന്നതിലൂടെ ഐക്യം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു.

ക്രിസ്തുവിന്റെ സ്വന്തം പ്രാർത്ഥന ഇപ്രകാരമായിരുന്നു, '' ഇവർക്കുവേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ **അവർ എല്ലാവരും ഒന്നാകേണ്ടതിന്നു**, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിന്നു തന്നേ. യോഹന്നാൻ 17:20–21'' അസാദ്ധ്യമായ ഒന്നിനുവേണ്ടിയാണോ ക്രിസ്തു പ്രാർത്ഥിച്ചത്? ഒരിക്കലുമല്ല. ഐക്യം സാദ്ധ്യമാണ്... പക്ഷേ അതിനുവേണ്ടി നാം സ്വയം ത്യജിച്ച് ക്രിസ്തുവിനെ (എല്ലാവരും) അനുസരിക്കുന്നവരായിരിക്കണം. മാനുഷ കല്പനകളും ആചാരങ്ങളും ഭിന്നത ഉണ്ടാക്കുന്നു... ദൈവവചനം ഐക്യത സൃഷ്ടിക്കുന്നു.

എഫെസ്യർ 4–ാം അദ്ധ്യായം 1 മുതൽ 6 വരെയുള്ള വാക്യങ്ങളിൽ ഐക്യത്തിനുവേണ്ടിയുള്ള അടിസ്ഥാനം കാണുവാൻ കഴിയും (formula for Unity). വളരെ ശ്രദ്ധയോടെ നാം ഓരോരുത്തരും കേൾക്കേണ്ട ഒരു സത്യം ഇവിടെ വിവരിച്ചിരിക്കുന്നു. ശ്രദ്ധിക്കൂ... "കർത്തൃസേവ നിമിത്തം ബദ്ധനായിരിക്കുന്ന ഞാൻ പ്രബോധിപ്പിക്കുന്നത്... നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോ-

ഗ്യമാം വണ്ണം പൂർണ്ണവിനയത്തോടും സൗമ്യതയോടും ദീർഘക്ഷമ യോടും കൂടെ നടക്കയും സ്നേഹത്തിൽ അന്യോന്യം പൊറുക്കയും ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ കാപ്പാൻ ശ്രമി ക്കയും ചെയ്‌വിൻ.

നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശക്കായി നിങ്ങളെ വിളി ച്ചതുപോലെ **ശരീരം ഒന്നു, ആത്മാവു ഒന്നു, കർത്താ വ് ഒരുവൻ, വിശ്വാസം ഒന്നു: സ്നാനം ഒന്നു:** എല്ലാ വർക്കും മീതെയുള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി **എല്ലാവർക്കും ദൈവ വും പിതാവുമായവൻ ഒരുവൻ.** എഫെസ്യർ 4:1–6''.

ഐക്യതയ്ക്കുവേണ്ടിയുള്ള ഒരു അപേക്ഷ പൗലോസിന്റെ വാക്കുകളിലൂടെ മുഴങ്ങികേൾക്കുന്നുണ്ടോ? മേൽ വിവരിച്ച കാര്യങ്ങ ളിലെല്ലാം ഏകമായ വസ്തുതകളാണ് ഉൾക്കൊണ്ടിരിക്കുന്നത് എ ന്ന് വ്യക്തമാണല്ലോ. പിന്നെ എന്തുകൊണ്ട് നമ്മുടെ ചുറ്റും വ്യ ത്യസ്തങ്ങളായ വിശ്വാസങ്ങളും, സഭകളും നിലനിൽക്കുന്നു?

സഭയുടെ ഐക്യത്തിന്റെ അടിസ്ഥാനങ്ങളായ ചില സത്യ ങ്ങളെക്കുറിച്ച് നമുക്കു ചിന്തിക്കാം. ക്രിസ്തു പറഞ്ഞു 'ഞാൻ എന്റെ സഭയെ പണിയും' എന്ന് ( മത്തായി 16:18 ). ക്രിസ്തു ആത്മീയമായ തന്റെ ശരീരമായ ഏക സഭയാണ് പണിഞ്ഞത് ( 1 കൊരിന്ത്യർ 12:27 ). ആ സഭയുടെ തലയാണ് ക്രിസ്തു.... ( കൊലൊസ്സ്യർ 1:18 ).

ക്രിസ്തുവിന് രണ്ടുതലയും രണ്ടു ശരീരവും ഉള്ളതായി ആരും സങ്കല്പിക്ക കൂടിയില്ല എന്നു നമുക്കറിയാം. നാം ക്രിസ്തുവിന്റെ ശരീരത്തിൽ ചേർന്നിട്ടില്ല എങ്കിൽ ( ക്രിസ്തുവിന്റെ സഭയിൽ ) നാം മറ്റൊരു ശരീരത്തിലാണ് വസിക്കുന്നത്.... ക്രിസ്തുവിന്റെ ശരീ രത്തിൽ ഒരുവൻ എങ്ങനെ പ്രവേശിക്കും എന്ന് വചനം വെളിപ്പെ ടുത്തിയിരിക്കുന്നു ( റോമർ 6:3–5, ഗലാത്യർ 3:26–27 ). എല്ലാ വരും സുവിശേഷം അനുസരിച്ച് വചനപ്രകാരം ക്രിസ്തുവിന്റെ സഭയിൽ ക്രിസ്തുവിനാൽ ചേർക്കപ്പെടുമ്പോൾ അവിടെ ഐക്യത ഉണ്ടാകുന്നു. ( പ്രവൃത്തികൾ 2:47 ).

സഭയെ ക്രിസ്തുവിന്റെ ( ദൈവത്തിന്റെ ) ആലയമെന്നും ഭവ നമെന്നും വചനത്തിൽ വിശേഷിപ്പിച്ചിട്ടുണ്ട് ( 1 തിമൊഥെ 3:15 ). ഒരേ ഒരു ഭവനമല്ലാതെ മററനേകം ഭവനങ്ങളെന്നല്ല സഭയെ പരാമർശി ച്ച് പറഞ്ഞിട്ടുള്ളത്.

സഭയെ ക്രിസ്തുവിന്റെ അതായത് ദൈവത്തിന്റെ രാജ്യം എന്നും ക്രിസ്തു രാജാവാണ് എന്നും പറഞ്ഞിരിക്കുന്നു. (യോഹന്നാൻ 3:3–5, കൊലൊസ്സ്യർ 4:11, 1 തിമൊഥെ 6:15) ഏക രാജ്യവല്ലാതെ അനേകം രാജാക്കന്മാരും അനേകം രാജ്യങ്ങളും ഉണ്ടാകും എന്ന് വചനത്തിൽ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. ഇങ്ങനെ അനേകം വസ്തുതകൾ വചനത്തിലൂടെ നമുക്ക് മനസ്സിലാക്കുവാൻ കഴിയും. ദൈവത്തിന്റെ വചനം ഇന്ന് നമ്മുടെ ചുററും കാണുന്ന ഈ ഭിന്നതകൾക്ക്, നാമധേയ വിഭാഗങ്ങൾക്ക്, എതിരാണ്.

ദൈവം ആഗ്രഹിക്കുന്നത് ഐക്യതയും, യോജിപ്പുമാണ്... അതായത് പൂർണ്ണത. വിശ്വാസങ്ങൾ എന്തു തന്നെയായിരുന്നാലും, ആചാരങ്ങൾ വ്യത്യസ്തങ്ങളായിരുന്നാലും ക്രിസ്ത്യാനികൾ എന്നറിയപ്പെടുന്നവരെല്ലാം ഒന്നായിരിക്കണം എന്ന് ദൈവം ഒരിടത്തും പറഞ്ഞിട്ടില്ല; അങ്ങനെ ആഗ്രഹിക്കുന്നുമില്ല. എല്ലാ ക്രിസ്ത്യാനികളും ഒന്നു തന്നേ സംസാരിക്കുകയും, പഠിപ്പിക്കുകയും, വിശ്വസിക്കുകയും ചെയ്യുന്നതിലൂടെയുള്ള ഐക്യതയാണ് ദൈവഹിതം (എഫെസ്യർ 4:1–6).

ക്രിസ്തു ഒരിക്കലും വിഭാഗിക്കപ്പെട്ടിട്ടില്ല; അതുപോലെ ക്രിസ്തുവിന്റെ സഭയും. ഇന്നും ഭൂമുഖത്ത് ദൈവത്താൽ വിളിച്ചു വേർതിരിക്കപ്പെട്ടവരായി (സുവിശേഷത്താൽ–2 തെസ്സലൊനിക്യർ 2:14) ക്രിസ്തുവിന്റെ അനുയായികൾ വസിക്കുന്നു....യഥാർത്ഥ ദൈവീകസഭ. വചനം പൂർണ്ണമായി അനുസരിക്കുകയും ഉപദേശിക്കുകയും ചെയ്യുന്ന ക്രിസ്തുവിന്റെ സഭയെ നിങ്ങൾ അംഗീകരിച്ചിട്ടുണ്ടോ? അതിനെ കണ്ടെത്തിയിട്ടുണ്ടോ?

---

# രക്തത്തിന്റെ വില

**ഫ്രാൻസിസ് ഡേവിഡ്**

രക്തം വിശേഷപ്പെട്ട വസ്തുവോ ?

രക്തം കൂടാതെ ജീവനില്ല എന്നതിനാൽ രക്തം വിശേഷ വസ്തുവാണ് എന്നു വരുന്നു. രക്തത്തെക്കുറിച്ചും അതിന്റെ അമൂല്യതയെക്കുറിച്ചും ദൈവം തന്റെ വചനത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. ''സകല ജഡത്തിന്റെയും ജീവൻ അതിന്റെ ജീവാധാരമായ രക്തം തന്നേ'' ലേവ്യപുസ്തകം 17:11,14.

രക്തത്തിലാണ് ഒരുവന്റെ പ്രാണൻ കുടികൊള്ളുന്നത് എന്നതു ഒരു സത്യമാണ് എന്നു മനസ്സിലായല്ലോ.

പഴയനിയമ കാലത്തിൽ ജനങ്ങൾ തങ്ങളുടെ പാപത്തിന്റെ മോചനത്തിനായി യാഗങ്ങൾ നടത്തിയിരുന്നു. മൃഗങ്ങളുടെ രക്തമാണ് ദൈവ സന്നിധിയിൽ ഈ പ്രകാരം സമർപ്പിച്ചിരുന്നത്. പാപമോചനത്തിനും രക്തത്തിനും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. പാപം ചെയ്ത ദേഹി മരിക്കണം എന്നായിരുന്നല്ലോ ദൈവത്തിന്റെ കല്പന... അങ്ങനെ പാപംചെയ്ത ഒരാളും താൻ ചെയ്ത പാപങ്ങൾക്കു പകരമായി മരണമടയുന്നതിനു പകരം... ഒരു ആടിനെയോ, കിടാവിനെയോ, പ്രാവിനെയോ... ദൈവ സന്നിധിയിൽ മരിപ്പിക്കുന്നു.

തന്റെ പാപത്തിന്റെ പരിഹാരമായി ആ മൃഗങ്ങളുടെ രക്തം ചിന്തുന്നു. ആ രക്തത്തിലൂടെ (വരുവാനിരിക്കുന്ന കാൽവറിയിലെ യാഗത്തിലെ രക്തത്താലുള്ള പാപമോചനത്തിന്റെ മുന്നോടി) ആ വ്യക്തിയ്ക്ക് പാപമോചനം ലഭിക്കുന്നു. ഇങ്ങനെ രക്തം ചിന്തിയിരുന്ന ഈ യാഗങ്ങൾ ദൈവ സന്നിധിയിൽ മഹത്വപൂർണ്ണമായ വസ്തുതയായിരുന്നു.

ലോകത്തിൽ പാപം വർദ്ധിച്ചപ്പോൾ നീതിമാനായ ദൈവത്തിന് അത് കണ്ടു നില്ക്കുവാൻ കഴിയുമായിരുന്നില്ല... അതുകൊണ്ടാണ് പാപത്തിന്റെ ശിക്ഷ സ്വപുത്രന്റെ രക്തത്തിലൂടെ ദൈവം ഒരുക്കിയത്... ദൈവത്തിന്റെ നീതിയും, മനുഷ്യരോടുള്ള ദൈവസ്നേഹവും കാൽവറിയിലെ ക്രൂശിൽ ദർശിക്കുവാൻ കഴിയുന്നു.

യേശുവിന്റെ രക്തം സകല പാപങ്ങളിൽ നിന്നും നമ്മെ മോചിപ്പിക്കുവാൻ മതിയായതാണ്. (1 യോഹന്നാൻ 1:7). യേശുവിന്റെ രക്തത്തിന്റെ വില അമൂല്യമാണ്. എബ്രായ ലേഖകന്റെ വാക്കുകൾ ശ്രദ്ധിക്കുക'' ആട്ടുകൊററന്മാരുടെയും കാളകളുടെയും രക്തവും മലിനപ്പെട്ടവരുടെ മേൽ തളിക്കുന്ന പശു ഭസ്മവും ജഡിക ശുദ്ധി വരുത്തുന്നു എങ്കിൽ നിത്യാത്മാവിനാൽ ദൈവത്തിനു തന്നെത്താൻ നിഷ്ക്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസ്സാക്ഷിയെ നിർജ്ജീവ പ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും ? എബ്രായർ 9:13–14''.

ക്രിസ്തുവിന്റെ രക്തത്തിലൂടെ നമുക്ക് ലഭിക്കുന്ന ഒരു അനുഗ്രഹമാണ് വീണ്ടെടുപ്പ്. ''അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പു ഉണ്ട്. എഫെസ്യർ 1:7''. യേശുവിന്റെ രക്തത്താൽ നാം നീതീകരിക്കപ്പെടുന്നു. ''അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ട ശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്ന് രക്ഷിക്കപ്പെടും. റോമർ 5:9''

പ്രിയ സുഹൃത്തേ; താങ്കളുടെ പാപ ജീവിതത്തിൽ നിന്നു പരിഹാരം ലഭിക്കുവാൻ താങ്കൾക്ക് സ്വയമായി എന്തെങ്കിലും ചെയ്യുവാൻ കഴിയുമോ ? ക്രിസ്തുവിൻെറ രക്തത്തിനു പകരമായി താങ്കളുടെ സ്വയ നീതിയാൽ നീതീകരിക്കപ്പെടും എന്നു തെററിദ്ധരിക്കരുത് എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

ഒരു വ്യക്തി പാപമോചനം നേടുന്നത് ക്രിസ്തുവിൻെറ രക്തവുമായി വിശ്വാസത്താൽ ബന്ധപ്പെടുവാൻ കഴിയുമ്പോഴാണ്.... ക്രിസ്തുവിൻെറ രക്തത്താലല്ലാതെ പാപമോചനമില്ലാത്തതിനാൽ ക്രിസ്തുവിൻെറ രക്തത്താൽ ബന്ധമില്ലാത്തവർക്ക് പാപമോചനം ലഭ്യമല്ലല്ലോ! വചനപ്രകാരം ഒരുവൻ സ്നാനമേൽക്കുമ്പോൾ മാത്രമാണ് ക്രിസ്തുവിൻെറ രക്തവുമായി ബന്ധപ്പെടുന്നത്.

ക്രിസ്തുവിൻെറ മരണം, അടക്കം, ഉയിർത്തെഴുന്നേല്പു എന്നീ സംഭവങ്ങളോടുള്ള ഒരു വ്യക്തിയുടെ ബന്ധമാണ് സ്നാനത്തിൽ സംഭവിക്കുന്നത്. ( റോമർ 6:3—5 വരെ ശ്രദ്ധയോടെ വായിക്കുമല്ലോ ) ക്രിസ്തുവിൻെറ രക്തവുമായി ബന്ധപ്പെട്ട് പാപമോചനം ലഭിക്കുന്നതിനുവേണ്ടി ഒരു വ്യക്തി പല കാര്യങ്ങളും ചെയ്തിരിക്കണം, വചനം കേൾക്കണം... അതായത് സുവിശേഷം, വചനത്തിൽ വിശ്വസിക്കണം. ( റോമർ 10:17 ), പാപത്തെക്കുറിച്ച് പശ്ചാത്തപിക്കുക ( ലൂക്കോസ് 13:3 ), യേശുവിനെ അംഗീകരിക്കുകയും, ഏററു പറയുകയും ചെയ്യുക ( മത്തായി 10:32—33; റോമർ 10:10 ).

ഇപ്രകാരം ഇവയെല്ലാം അനുസരിച്ചു കഴിയുമ്പോൾ സ്നാനത്തിനായി ആ വ്യക്തി ഒരുങ്ങി കഴിഞ്ഞു....അങ്ങനെ വചനപ്രകാരമുള്ള, രക്ഷയ്ക്കായി ദൈവം കല്പിച്ചിട്ടുള്ള, ആ സ്നാനത്തിനായുള്ള അനുസരണത്തിലൂടെ ഒരു വ്യക്തി ക്രിസ്തുവിൻെറ സഭയോടും, ക്രിസ്തുവിൻെറ രക്തത്തോടും, ശരീരത്തോടും ചേർക്കപ്പെടുന്നു. (പ്രവൃത്തികൾ 2:47, ഗലാത്യർ 3:26—27 ).

തൻെറ മുന്നോട്ടുള്ള ക്രിസ്തീയ ജീവിതത്തിൽ ക്രിസ്തുവിൻെറ രക്തം എപ്പോഴും ആ വിശ്വാസിയെ കാത്തു സൂക്ഷിക്കുന്നു. ( 1 യോഹന്നാൻ 1:7 ).

അപ്പോസ്തലനായ പത്രോസിൻെറ വാക്കുകൾ ശ്രദ്ധിക്കൂ—'വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്ന്, വെള്ളി മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കളെ കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിൻെറ വിലയേറിയ രക്തം കൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ. 1 പത്രോസ് 1:18—19''
ക്രിസ്തുവിൻെറ രക്തവുമായി നിങ്ങൾ ബന്ധപ്പെട്ടിട്ടുണ്ടോ?

# അവൾ "അമ്മ" എന്നു വിളിക്കപ്പെടും

**കുടുംബ ജീവിതം** **Betty Burton Choate**

വിവാഹത്തിന്റെ പടിവാതില്ക്കലെത്തിച്ചേർന്ന ഒരു യുവതി അവളുടെ വിവാഹജീവിതത്തെക്കുറിച്ചു് ഇപ്രകാരം പറഞ്ഞു. ''ഞാനും എന്റെ ഭർത്താവും എപ്പോഴും സന്തോഷമായി കഴിയും, കാരണം ഞങ്ങൾ പരസ്പരം പങ്കുവെക്കുമെന്നതിനാൽ... അതായതു് Fifty—Fifty (50—50)'' ആ യുവതി തന്റെ പങ്കു് പൂർണ്ണമായി നിർവ്വഹിക്കുകയും അതുപോലെ തന്നെ തന്റെ ഭർത്താവു് പെരുമാറുകയും ചെയ്യും എന്നും അങ്ങനെ പരാജയപ്പെടാതെ സന്തോഷകരമായ ഒരു ദാമ്പത്യ ജീവിതം നയിക്കുവാൻ കഴിയും എന്നാണ് പ്രത്യാശിച്ചതു്.

ഈ ഉത്തരം കേട്ടസമയത്തു് ഞാൻ ഹൃദയത്തിൽ ആലോചിച്ചു.... 'ഈ യുവതി എന്തെല്ലാം കാര്യങ്ങൾ ഇനിയും പഠിക്കുവാനിരിക്കുന്നു'— എന്നു്. ജീവിതത്തിൽ ഒരു പ്രയാസവുമില്ലാതെ കഴിയുമ്പോൾ ഈ ആഗ്രഹങ്ങൾ എല്ലാം സംഭവിച്ചു എന്നു വരാം. പക്ഷേ ചില പ്രത്യേക സാഹചര്യങ്ങളിൽ, പരീക്ഷണങ്ങളിൽ നമുക്കു് ചെയ്യാവുന്നതെല്ലാം ചെയ്തിട്ടും പരാജയപ്പെട്ട സമയങ്ങളിൽ വെറും 10% മാത്രമേ ഒരു പക്ഷേ നമ്മുടെ തുണയ്ക്കു് നൽകുവാൻ കഴിഞ്ഞുള്ളു എന്നു വരാം. വേദനയോടെ, നിരാശയോടെ നാം തളർന്നു പോകുന്ന പല സമയങ്ങളും നമുക്കുണ്ടാകാം. ഈ നേരത്തു് നമ്മുടെ തുണയായ ഭർത്താവോ, ഭാര്യയോ തന്റെ 50% മാത്രമേ നല്കുന്നുള്ളു എങ്കിൽ നഷ്ടപ്പെട്ടു പോയ ഭാഗങ്ങൾ എവിടെ നിന്നു ലഭിക്കും ?

ഭർത്താവിൽ നിന്നോ ഭാര്യയിൽ നിന്നോ കൂടുതൽ സ്നേഹവും, ക്ഷമയും ലഭിക്കേണ്ട സാഹചര്യങ്ങളിൽ നമ്മുടെ ചട്ടങ്ങൾക്കു് എന്തെങ്കിലും വിലയുണ്ടോ ? ചിലപ്പോൾ നമ്മുടെ ഭർത്താവിനെ, ഭാര്യയെ 100% വും സ്നേഹിക്കേണ്ടതായും, സേവിക്കേണ്ടതായും വന്നേക്കാം... ആ നേരങ്ങളിൽ ഞാൻ 50%-ൽ കൂടുതൽ ഒന്നും ചെയ്യുകയില്ല എന്നു് വാശിപിടിച്ചിരുന്നാൽ അവിടെ പരാജയമായിരിക്കും സംഭവിക്കുക.

വിവാഹം എന്നതു് ''പകുതി എനിക്കും. പകുതി നിനക്കും'' എന്ന രീതിയിലല്ല. ഒത്തൊരുമിച്ചുള്ള, കൂട്ടായ പ്രവർത്തിയാലും, തന്റെ തുണയുടെ കുറവുകളെ കണ്ടെത്തി പരിഹരിച്ചും ഒന്നായി മുന്നോട്ടു പോകേണ്ട ഒന്നുമാണ് വിവാഹം. ഭാര്യക്കും ഭർത്താവിനും

സ്വാർത്ഥമായി ആരൊരു നിലനില്പുമില്ല....പരസ്പരം ആശ്രയിച്ചു്, ബഹുമാനിച്ചു്, സ്നേഹിച്ചു്, സേവിച്ചു് ജീവിക്കുമ്പോഴം മാത്രമേ യഥാർത്ഥമായ ദാമ്പത്യ ജീവിതം ഉടലെടുക്കുന്നുള്ളു.

വിജയപ്രദമായ ദാമ്പത്യ ജീവിതം വിവാഹത്തിന്റെ ചടങ്ങുകളിലോ, സമ്പത്തുക്കളിലോ, അല്ല കുടികൊള്ളുന്നതു്. ബോധപൂർവ്വം പ്രവർത്തിക്കുന്ന രണ്ടു വ്യക്തികളുടെ നിരന്തരമായ അദ്ധ്വാന ഫലമാണ് യഥാർത്ഥമായ ദാമ്പത്യ ജീവിതം—അതേ വഴിയിലൂടെയുള്ള കുടുംബ ജീവിതം.

രണ്ടു വ്യക്തികൾ ഒന്നായിച്ചേരുക, അതായതു് ഒരുമിച്ചു ജീവിക്കുക എന്നതു് വളരെ ലഘുവായ ഒരു കാര്യമല്ല....വിവാഹത്തിനു മുൻപു് പരിചയപ്പെട്ടിരുന്ന ആളാണ് തന്റെ തുണ എങ്കിലും ശരിയായി പരസ്പരം അറിയുവാനും മനസ്സിലാക്കുവാനും കഴിയുന്നതു് വിവാഹജീവിതം ആരംഭിച്ചതിനു ശേഷമാണ്. 24 മണിക്കൂറും ഒരുമിച്ചു് ജീവിക്കുമ്പോൾ മുൻപു് കണ്ടിരുന്നതിൽ നിന്നും വ്യത്യസ്തമായ രൂപമായിരിക്കും ലഭിക്കുക. അല്പ സമയം കൊണ്ട് പൂർണ്ണമായ അറിവു് നേടിയെടുക്കുവാൻ സാധിക്കുകയില്ലല്ലോ.

വിവാഹത്തിലൂടെ ഒന്നായിച്ചേരുന്ന രണ്ടു വ്യക്തികളുടെയും വ്യക്തിത്വം, സ്വഭാവം, ചിന്തകൾ, പ്രതികരണശേഷി, ആഗ്രഹങ്ങൾ, എന്നിവ വ്യത്യസ്തമായിരിക്കുമല്ലോ....വിഭിന്നങ്ങളായ സ്വഭാവങ്ങളുള്ള ഈ രണ്ടു വ്യക്തികൾ ഒന്നുചേർന്ന് ജീവിക്കുമ്പോൾ അവർ എത്രമാത്രം ബോധപൂർവ്വം ശ്രമിച്ചെങ്കിൽ മാത്രമേ വിജയപ്രദമായി അവരുടെ ജീവിതം മുന്നോട്ടുകൊണ്ടു പോകുവാൻ കഴിയൂ. വ്യക്തിപരമായ പല കാര്യങ്ങളും, നിർബ്ബന്ധങ്ങളും, ആഗ്രഹങ്ങളും, ഉപേക്ഷിക്കേണ്ടതായിവരും....ദാമ്പത്യ ജീവിതം പരാജയപ്പെടാതിരിക്കുവാൻ പൊതുവായ ഒരു പദ്ധതിയിലേയ്ക്ക് ഈ രണ്ടു വ്യക്തികളും യോജിക്കണം.

ദിവസേനയുള്ള അവരുടെ ജീവിതത്തിൽ സ്വന്ത താല്പര്യങ്ങളെ ഉപേക്ഷിച്ചുകൊണ്ട്, പരസ്പരം ആദരവോടെ എല്ലാം കാണുവാനും ചെയ്യുവാനും കഴിയുമെങ്കിൽ, അവരുടെ ജീവിതം വിജയിക്കും.

വിജയപ്രദമായ ദാമ്പത്യജീവിതത്തിന്റെ പ്രധാനപ്പെട്ട രണ്ടു രഹസ്യങ്ങളെക്കുറിച്ച് നമുക്ക് ചിന്തിക്കാം.

**ഒന്നാമത്....പരസ്പരം പൂർണ്ണമായ, തുറന്ന ആശയ വിനിമയം ഉണ്ടായിരിക്കുക എന്നതാണ് ( open communication )**. കുടുംബജീവിതത്തിൽ എന്തെങ്കിലും പ്രശ്നങ്ങളോ, പ്രയാസങ്ങളോ നേരിടുമ്പോൾ അത് ഹൃദയത്തിൽ സൂ

ക്ഷമിച്ച് വച്ച് നീറിപ്പുകയുന്നതിൽ അർത്ഥമില്ല. അങ്ങനെ ചെയ്യുന്നതിനാൽ പ്രശ്നത്തിന്റെ പരിഹാരം ഒരിക്കലും കണ്ടെത്തുവാൻ കഴിയുകയുമില്ല. പ്രത്യുത ശാന്തമായി അത് പരസ്പരം തുറന്ന് സംസാരിക്കുന്നുവെങ്കിൽ നമ്മുടെ ഹൃദയത്തിന്റെ ഭാരം ലഘൂകരിക്കുന്നതിനും സാഹചര്യങ്ങളെ ശരിയായ രീതിയിൽ അപഗ്രഥിച്ച് വിലയിരുത്തുന്നതിനും കഴിയുന്നു.... ഇപ്രകാരം തന്റെ ഭർത്താവിനോടോ ഭാര്യയോടോ, തുറന്നു കാര്യങ്ങൾ പറയുന്നതിനാൽ പരസ്പരമുള്ള സ്നേഹവും വിശ്വാസവും വർദ്ധിക്കുന്നതോടൊപ്പം കാര്യങ്ങൾ ശരിയായി പരിഹരിക്കുവാനും കഴിയുന്നു.

ഇപ്രകാരം തുറന്നു പറയുന്ന സമയങ്ങളിൽ വളരെ ആത്മനിയന്ത്രണം പാലിക്കേണ്ടതും ആവശ്യമാണ്... നമ്മുടെ വികാരങ്ങളെ ( ദേഷ്യം, വൈരാഗ്യം, വെറുപ്പ് തുടങ്ങിയവ ) നാം കീഴ്പ്പെടുത്തുന്നില്ല എങ്കിൽ നാം പൊട്ടിത്തെറിക്കുന്നവരായിതീർന്നേക്കാം. ആയതിനാൽ സംസാരിക്കുന്നതിന് അനുകൂലമായ സാഹചര്യം കണ്ടെത്തി പൂർണ്ണമായി ആശയ വിനിമയം നാം നടത്തണം.

പല ഭർത്താക്കന്മാരും ഭാര്യമാരും വിവാഹത്തിനുശേഷം അധികമായി തുറന്നു സംസാരിക്കുവാൻ മടിക്കുന്നു.... ചുരുക്കം ചില വാക്കുകളിൽ മാത്രം ആവശ്യങ്ങൾ അറിയിക്കുന്നതല്ലാതെ പൂർണ്ണമായ, ഹൃദയം തുറന്ന ഒരു സംഭാഷണം നടത്തുവാൻ പല ഭാര്യ ഭർത്താക്കന്മാർക്കും കഴിയാത്തതിനാൽ അവർ തമ്മിൽ മാനസികമായി വളരെ അകന്നു പോകുന്നു.

തന്റെ ഇണയെ പൂർണ്ണമായും മനസ്സിലാക്കുന്നതിനുള്ള വളരെ പ്രധാനപ്പെട്ട ഒരു ഉപാധിയാണ് ആശയ വിനിമയം ( communication ). ഇപ്രകാരമുള്ള ഒരു പങ്കുവയ്ക്കലിലൂടെ വ്യത്യസ്തങ്ങളും, വിഭിന്നങ്ങളുമായ ചിന്താഗതികൾ പരിഹരിച്ച് ഏകമായി വസ്തുതകൾ കൈകാര്യം ചെയ്യുവാൻ അവർക്ക് കഴിയുന്നു..... ദാമ്പത്യ ജീവിതം ദിനം തോറും കൂടുതൽ ശക്തമായി തീരുന്നു.

## രണ്ടാമതായി.... **പരസ്പരം ക്ഷമിക്കുന്ന സ്വഭാവം:**

ഒരു മനുഷ്യനും പൂർണ്ണനല്ല..... പല തരത്തിലുള്ള തെറ്റുകൾ നാം ദിനംതോറും ചെയ്തു പോകാറുണ്ട്... നമുക്കു വേണ്ടപ്പെട്ടവരെ നാം അറിയാതെ വേദനിപ്പിക്കുകയും, പീഡിപ്പിക്കുകയും ചെയ്യുന്നവരാണ് നമ്മൾ..... പക്ഷേ ഇപ്രകാരമുള്ള സ്വഭാവങ്ങളുടെ അപകടം മനസ്സിലാക്കി അതിനെക്കുറിച്ച് യഥാർത്ഥമായി ദുഃഖിക്കുന്ന വ്യക്തിക്കു പരാജയപ്പെടാതെ മുന്നോട്ടു പോകുവാൻ കഴിയുന്നു...... ഭാര്യ ഭർത്താക്കന്മാരുടെ ജീവിതത്തിൽ പരസ്പരം ഇപ്രകാരം സംഭവിക്കുന്ന തെറ്റുകൾ ഉടൻ തന്നെ തിരുത്തുവാൻ അവർ തയ്യാറാകണം......

ഞാൻ തെറ്റിപ്പോയി; എന്നോടു ക്ഷമിക്കേണമേ എന്നു് പറയുവാനുള്ള കഴിവ് ഭർത്താവിനും ഭാര്യയ്ക്കും ഉണ്ടാകുമെങ്കിൽ അവരുടെ ദാമ്പത്യ ജീവിതം നഷ്ടപ്പെടാതിരിക്കും... ചെയ്ത തെറ്റിനെക്കുറിച്ചു് പശ്ചാത്തപിക്കാത്ത വ്യക്തി മുന്നോട്ടുള്ള അവരുടെ ഒത്തൊരുമിച്ചുള്ള ജീവിതത്തെ നശിപ്പിക്കുകയാണ് ചെയ്യുന്നതു്. നമ്മുടെ തെറ്റുകൾ നാം ഏറ്റു പറയുന്നതു പോലെ തന്നെ നമ്മുടെ തുണയുടെ തെറ്റുകൾ ഹൃദയപൂർവ്വം ക്ഷമിക്കുവാനും നാം പഠിക്കണം.... ക്ഷമയിലൂടെ മാത്രമേ കൂടുതൽ സ്നേഹത്തിലേയ്ക്കും, സമർപ്പണത്തിലേയ്ക്കും ഭാര്യാഭർത്താക്കന്മാർക്കു് പ്രവേശിക്കുവാൻ കഴിയൂ. ഓരോ ദിവസവും പഴയ ദിവസത്തിലെ സംഭവങ്ങളിൽ അടിസ്ഥാനപ്പെടാതെ പുതുക്കപ്പെട്ടവരായി, പൂർണ്ണമായി ക്ഷമിച്ചു്,

---

## വായനക്കാർ എഴുതുന്നു.

യേശുക്രിസ്തുവിന്റെ സ്നേഹമുള്ള നാമത്തിൽ പ്രിയ സഹോദരന്മാർക്കു് സ്നേഹ വന്ദനം.

കഴിഞ്ഞ രണ്ടു മൂന്നു് മാസമായി തുടർച്ചയായി **Bible Truth Monthly** കിട്ടുന്നുണ്ടു്, വളരെ സന്തോഷം. പ്രയോജനകരം, നിങ്ങളുടെ പ്രവർത്തനത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു.

ഞാൻ ഒരു യാക്കോബസഭാംഗവും, 25 വയസുള്ള ഒരു **Bcom Degree holder**. ആണ് TVM-ൽ പൊതുമേഖല സ്ഥാപനത്തിൽ ജോലിക്കു് വേണ്ടി, (ഏതെങ്കിലും) കർത്താവിൽ ആശ്രയിച്ചു, ആഗ്രഹിച്ചു, പ്രവർത്തിക്കുന്നു. അപ്പോൾ നിങ്ങളുടെ ക്ലാസ്സുകൾക്കും വരാൻ സാധിക്കുമായിരുന്നു. അവിടത്തെ പ്രാർത്ഥനയിൽ അടിയന്റെയും ഭവനത്തെയും ഓർക്കാനപേക്ഷ.

എന്റെ എളിയ സംഭാവനയും അവിടന്നു സ്വീകരിച്ചു, മാസിക തുടർച്ചയായി അയച്ചു തരാനപേക്ഷിക്കുന്നു.

സ്നേഹപൂർവ്വം

**John kutty. Kattha kuzhy.**
**Kochu puthen Veedu,**
**Ampalakara Post,**
**Kottarakara, KERALA.**

രണ്ടുപേരും മുന്നോട്ടു പോകുമെങ്കിൽ... ദൈവഹിത പ്രകാരമുള്ള കുടുംബ ജീവിതത്തിലെ പങ്കാളികളായി അവർക്കു് തീരുവാൻ കഴിയും. ക്രിസ്തു നമ്മോടു് എത്രമാത്രം ക്ഷമിച്ചു എന്നു് മനസ്സിലാക്കുന്ന ഒരു വ്യക്തി ഒരിക്കലും ക്ഷമിക്കുവാൻ മടി കാണിക്കുന്നവനായിരിക്കുകയില്ല.

വിജയപ്രദമായ ദാമ്പത്യ ജീവിതം ഈ രണ്ടു വസ്തുതകളിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല എങ്കിലും... ദൈവവചനപ്രകാരം നിയന്ത്രിക്കപ്പെടുന്ന ഭാര്യയുടെയും ഭർത്താവിന്റെയും ജീവിതത്തിൽ പ്രധാനപ്പെട്ട ഈ രണ്ടു ഘടകങ്ങളും ശരിയായ രീതിയിൽ പ്രവർത്തിക്കുമെങ്കിൽ തീർച്ചയായും ദാമ്പത്യ ജീവിതം വിജയപ്രദമായിരിക്കും.

---

# ഞാൻ എന്തുകൊണ്ട് മാർത്തോമ സഭയിൽ നിന്ന് മാറി?

**പോൾ ജോർജ്**

സ്വതന്ത്രമായി ചിന്തിക്കാൻ കഴിവുണ്ടായ കാലം മുതലേ ഞാൻ അംഗമായിരുന്ന മർത്തോമ സഭയുടെ ഘടനയിലും ആരാധനാരീതിയിലും തൃപ്തനല്ലായിരുന്നു. ഈ തൃപ്തിയില്ലായ്മ എന്നെ ആരാധനയിൽ പങ്കെടുക്കുന്നതിൽ നിന്ന് അകററിനിർത്തി. ഞാൻ ഒരു യുക്തിവാദിയായിമാറി. IRA ( INDIAN RATIONALIST ASSOCIATION ) യ്ക്കുവേണ്ടി രണ്ടു വർഷം പ്രവർത്തിച്ചു.

ആകസ്മികമായി 'CHURCH OF CHRIST' ന്റെ മീററിംഗിന്റെ നോട്ടീസ് എന്നെ ആകർഷിച്ചു. മീററിംഗിൽ പങ്കെടുത്തു 'Church of christ' നെ കുറിച്ചുള്ള ചില പുസ്തകങ്ങൾ വായിച്ചു. എന്റെ മനസിൽ വിഭാവനം ചെയ്തതിലും ഉത്തമമായ സഭയുടെ ഘടനയും ആരാധനാരീതിയും ബൈബിളിൽ കണ്ടെത്താൻ ഈ പുസ്തകങ്ങൾ എന്നെ സഹായിച്ചു. എന്റെ സംശയങ്ങൾക്കെല്ലാം ബൈബിളിൽ നിന്നു തന്നെ മറുപടി ലഭിച്ചു. മറഞ്ഞു കിടന്ന നിധി കണ്ടെത്തിയ സന്തോഷമാണ് 'Church of christ' നെ കുറിച്ച് മനസിലാക്കിയപ്പോഴും എനിക്കുണ്ടായത്. ഞാൻ താമസിയാതെ സ്നാനമേററ് സഭയോട് ചേർന്നു.

രണ്ടാമതായി എന്നെ 'CHURCH OF CHRIST' ലേക്ക് ആകർഷിച്ചത്, ക്രിസ്ത്യാനികൾ ഒന്നായി തീരുന്നതിനുള്ള ആഗ്രഹമാണ്. 'Church of christ' പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ

പുനരേകീകരണത്തിനുവേണ്ടി നിലകൊള്ളുന്നു. 'Church of christ' നെ പോലെ എല്ലാസഭകളും ബൈബിൾ അടിസ്ഥാനപ്രമാണമായി സ്വീകരിക്കയെന്നതാണ് ക്രിസ്ത്യാനികൾ ഒന്നായിത്തീരുന്നതിനുള്ള മാർഗ്ഗം. നാം വിഭജിക്കപ്പെടാൻ കാരണം നാം ബൈബിളിൽ നിന്ന് അകന്നുപോയതാണ്. നാം ഒന്നായി തീരുന്നതിന് ബൈബിളിലേക്കു തന്നെ മടങ്ങിവരണം. നമുക്കുവേണ്ടത് നവീകരണമല്ല. പുനസ്ഥാപനമാണ്. പല വർഷങ്ങളായി പരിശ്രമിച്ചിട്ടും എക്യൂമെനിസം വിജയിക്കാത്തത് ഈ തത്വം സ്വീകരിക്കാത്തതിനാലാണ്. പലതും നഷ്ടമാക്കി ബൈബിളിലേക്ക് മടങ്ങിപോകാൻ സഭകളും വിസ്സമ്മതിക്കുമ്പോൾ വ്യക്തികളും അതിന് തയ്യാറാകണം. ഈ ലളിതമായ തത്വം മനസിലാക്കാൻ എല്ലാ ക്രിസ്ത്യാനികളെയും സഭകളെയും ദൈവം സഹായിക്കട്ടെ.

ബൈബിളിൽ നിന്ന് അകന്നു പോകാത്തിടത്തോളം കാലം 'CHURCH OF CHRIST' ൽ ഭിന്നതയുണ്ടാവുകയില്ല. ഓരോ പ്രാദേശിക സഭയും സ്വതന്ത്രമായതുകൊണ്ട് 'Church of christ' മുഴുവനായി ഒരിക്കലും ബൈബിളിൽ നിന്ന് അകന്നു പോകുകയില്ല. ബൈബിളിൽ നിന്ന് അകന്നു പോകാതെ സൂക്ഷിക്കേണ്ടത് ഓരോ പ്രാദേശിക സഭയിലെയും മുഴുവൻ അംഗങ്ങളുടെയും ചുമതലയാണ്. തിരുവനന്തപുരത്തെയും, ബാംഗ്ലൂരിലെയും, അമേരിക്കയിലെയും എല്ലാ പ്രസംഗികരും എഴുത്തുകാരും ഒന്നു തന്നെ (ബൈബിൾമാത്രം) പ്രസംഗിക്കുകയും എഴുതുകയും ചെയ്യുന്നു എന്നത് 'CHURCH OF CHRIST' ൽ ഭിന്നതയുണ്ടാവുകയില്ല എന്ന എൻെറ വിശ്വാസത്തെ ബലപ്പെടുത്തുന്നു.

ഭിന്നിപ്പ് ഒരു രാജ്യത്തിൻെറ വികസനത്തിന് ഗുണകരമല്ല. സഭയാകുന്ന ദൈവരാജ്യത്തിൻെറ വളർച്ചക്ക് ക്രിസ്ത്യാനികൾ ഒന്നായി തീരേണ്ടത് ആവശ്യമാണ്. സമുദായ വൈരാഗ്യമോ മററൊ അല്ല എന്നെ ഇതിനു പ്രേരിപ്പിച്ചത് അല്ല.

---

# ക്രമപ്പെടുത്തേണ്ട ജീവിതം

**എഡ്സൺ**

ഒരിക്കൽ ഒരു സെമിനാറിൽ വച്ചു് ഒരു പ്രാസംഗികൻ ഇപ്രകാരം പറഞ്ഞു, "നാം നമ്മുടെ ജോലിയെ ആരാധിക്കുന്നു; കളിസ്ഥലങ്ങളിൽ നാം പണിയുന്നു; ആരാധനാ സ്ഥലത്തു് നാം കളിക്കുന്നു". ഇതുപോലെയുള്ള ജീവിത ക്രമം ഒരിക്കലും ഭൂരിഭാഗത്തെ പ്രതിനിധീകരിക്കുന്നില്ല എങ്കിലും ഈ രീതിയിൽ ജീവിക്കുന്ന അനേകർ നമ്മുടെ ചുററും ഉണ്ടു് എന്നതു് ഒരു വസ്തുതയാണ്.

തുടർച്ചയായി അറിഞ്ഞോ അറിയാതെയോ നാം എടുക്കുന്ന തീരുമാനങ്ങളിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു ജീവിതം. നാം ആഗ്രഹിക്കുന്നതിനനുസരിച്ചു് തീരുമാനങ്ങൾ എടുക്കുകയും സംഭവങ്ങളെ നേരിടുകയും ചെയ്യും. നമ്മുടെ ജീവിത വിജയത്തിനു് വളരെ അത്യാവശ്യമായിട്ടുള്ളതും, നമ്മുടെ പൂർണ്ണമായ പരിഗണനന് അർഹിക്കുന്നതുമായ അനേകം തീരുമാനങ്ങൾ നാം എടുക്കുവാൻ കടപ്പെട്ടവരാണ്. നമ്മുടെ ജീവിതം ഫലപ്രദമായി തീരുന്നതിനു വേണ്ടി നാം വളരെ സൂക്ഷമമായി ശ്രദ്ധിച്ചു് ഓരോന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു. യേശുക്രിസ്തു പറഞ്ഞു. ''മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടു കൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും. മത്തായി 6:33''.

നമ്മുടെ ജീവിതത്തിലെ പരിഗണനകൾ (Priorities) ശരിയായി ക്രമപ്പെടുത്തിയതല്ല എങ്കിൽ ജീവിതം കുഴഞ്ഞു മറിയുന്നതായി തീരും. എന്റെ സമയങ്ങൾ ഞാൻ എങ്ങനെ ചിലവഴിക്കും ? എന്റെ ശക്തി എന്നിലേയ്ക്കു് ഞാൻ തിരിച്ചു വിടും ? എന്റെ സമ്പത്തുക്കളുടെ ശരിയായ ഉപയോഗം എങ്ങനെ ? ഇങ്ങനെ നമ്മുടെ ജീവിതത്തിലെ എല്ലാ ചെറുതും വലുതുമായ വശങ്ങളെയും പരിഗണിച്ചു് ശരിയായ പന്ഥാവിലേയ്ക്കു് തിരിച്ചു വിടേണ്ടിയിരിക്കുന്നു.

ഒരു മകന്റെ ജീവിതത്തിൽ ക്രിസ്തുവിനല്ല പ്രാധാന്യം നല്കിയിരിക്കുന്നതു് എങ്കിൽ ആ വ്യക്തിയുടെ സ്വഭാവത്തിൽ ഒരു വിശേഷതയും കണ്ടെത്തുകയില്ല.... ക്രിസ്തുവിനോടുള്ള സ്നേഹത്തെയും ദൈവവചനം പഠിക്കുന്നതിനും, പ്രാർത്ഥിക്കുന്നതിനും ഉള്ള ആഗ്രഹത്തെയും നശിപ്പിക്കുന്ന എല്ലാ ജീവിതക്രമങ്ങളിൽ നിന്നും സാമൂഹ്യ ആചാരങ്ങളിൽ നിന്നും ഒരു ക്രിസ്ത്യാനി വിട്ടു നിൽക്കേണ്ടതാവശ്യമാണ് (ഒന്നാം സങ്കീർത്തനം വായിക്കുക).

ദൈവത്തെ സേവിക്കുവാൻ തീരുമാനമെടുക്കുന്ന ഒരു വ്യക്തിയുടെ ജീവിതത്തിലെ മറ്റെല്ലാ പ്രവർത്തനങ്ങളിലും ദൈവമായിരിക്കണം മുന്നിൽ നിൽക്കേണ്ടതു്. പല തവണ നാം ദൈവത്തെ പൂർണ്ണമായി സ്നേഹിക്കണം, ദൈവ കാര്യങ്ങളായിരിക്കണം പ്രാധാന്യമർഹിക്കുന്നവ എന്നെല്ലാം നാം കേൾക്കുന്നു എങ്കിലും ജീവിതത്തിൽ ക്രിസ്തുവിനു് മുഖ്യസ്ഥാനമാണ് നൽകിയിരിക്കുന്നതെങ്കിൽ ആ ജീവിതത്തിലെ മററു് എല്ലാ വശങ്ങളിലും അടുക്കും ചിട്ടയും ഉണ്ടായിരിക്കും. ആത്മീയ കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടവയാണ് എന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ ?

ഒരിക്കൽ ഒരു സഹോദരൻ ഒരു ശനിയാഴ്ച ദിവസം തന്റെ നിലം ഉഴുതുകൊണ്ടിരിക്കുകയായിരുന്നു. അയൽക്കാരനായ മററൊരു സ്നേഹിതൻ ഈ സമയത്തു് ഈ സഹോദരനുമായി ചില കീടനാശി

നികളെക്കുറിച്ചു് സംസാരിക്കുവാൻ കടന്നു വന്നു. ജോലി ചെയ്യുന്നതിനിടയിൽ അവരുടെ സംസാരം തുടർന്നു കൊണ്ടിരുന്നു.

''നിങ്ങൾ സഭാപ്രവർത്തനങ്ങളിൽ വളരെ തീഷ്ണതയുള്ളവരായി പ്രവർത്തിക്കുന്നവരാണ് എന്ന് ഞാൻ കേട്ടു''—എന്ന് അയൽക്കാരൻ തന്റെ സംഭാഷണത്തിൽ പറയുകയുണ്ടായി ''അതു ശരിയാണ്'' എന്നായിരുന്നു സഹോദരന്റെ മറുപടി. ''തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന രീതിയിൽ നിലനില്ക്കുന്ന ഏക സഭ നിങ്ങളുടേതാണ് എന്നു പറയുന്നതു് ശരിയാണോ—'' ? അയൽക്കാരൻ ആത്മാർത്ഥതയോടെ ആരാഞ്ഞു.

'അതെ'—അഭിമാനത്തോടെയായിരുന്നു സഹോദരൻ അങ്ങനെ ഉത്തരം പറഞ്ഞതു്.

''അപ്രകാരമുള്ള ഒരു സഭയിൽ അംഗമായിരിക്കുക എന്നതു് വളരെ സന്തോഷകരമായ വസ്തുതയായിരിക്കുമല്ലോ''—

''എനിക്കു് ദൈവം നല്കിയ ആ അനുഗ്രഹത്തിൽ ഞാൻ വളരെ സന്തോഷവാനാണ്''—സഹോദരൻ.

''എനിക്കും നിങ്ങളോടൊപ്പം ആ സഭയിലേയ്ക്കു് കടന്നു വന്നം സത്യം മനസ്സിലാക്കണമെന്നാഗ്രഹമുണ്ടു്''.

''വളരെ നല്ലതു്; നിങ്ങളെ കൂട്ടികൊണ്ടു പോകുന്നതിൽ ഞാനും സന്തോഷിക്കുന്നു''.

''നാളെ നിങ്ങളുടെ കൂട്ടായ്മ ഉണ്ടല്ലോ....''

''അതെ....ദൈവവചനം പഠിക്കുന്നതിനായും ആരാധനയ്ക്കുമായി ഞങ്ങൾ കൂടും....പക്ഷേ ...എനിക്കു് പോകുവാൻ കഴിയുകയില്ല....വളരെയധികം കാര്യങ്ങൾ ചെയ്തു തീർക്കുവാനുണ്ടു്— ''സഹോദരന്റെ പ്രതികരണം ഇപ്രകാരമായിരുന്നു. ഇതു കേട്ട അയൽവാസി പ്രതീക്ഷിക്കാത്ത മറുപടി കേട്ടതു പോലെ പ്രയാസത്തിലായി അവസാനം ഇങ്ങനെ പറഞ്ഞു. ''എനിക്കു മനസ്സിലായി നിങ്ങൾ പറയുന്ന ഈ സഭയും മററു സഭകളെപ്പോലെ തന്നെ.... അതിൽ അംഗമായി തീരുന്നതിലും, കൂട്ടായ്മ ആചരിക്കുന്നതിലും നിങ്ങൾ സന്തോഷവും താല്പര്യവും കാണിക്കുന്നില്ല എങ്കിൽ...അപ്രകാരമുള്ള ഒരു സഭയിൽ ഞാനും കടന്നു വരുവാൻ ഉദ്ദേശിക്കുന്നില്ല''. അയൽവാസി നീരസത്തോടെ യാത്ര പറഞ്ഞു.

ഈ സഹോദരൻ ദൈവത്തെ ആരാധിക്കുവാനും ദൈവവചനം പഠിക്കുന്നതിനും കാണിച്ച ഉദാസീനത വളരെ മോശമായ രീതിയിലാണ് മറെറാരു വ്യക്തിയെ ബാധിച്ചതു്....നമ്മുടെ ജീവിതത്തിൽ നാം ദൈവത്തെ സ്നേഹിക്കുകയും, അവനുവേണ്ടി പ്രവർത്തിക്കുകയും ചെ

യ്വാൻ ഉത്സാഹമില്ലാത്തവരായിരിക്കുമ്പോൾ നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ ഒരു സാക്ഷ്യവും ഉണ്ടാകുകയില്ല. നമ്മുടെ കൂട്ടായ്മകളിൽ രോഗികളായവരെ സന്ദർശിക്കുക, ആശ്വാസം നല്കുക, വിധവമാരെയും പീഡിതരെയും ചെന്നു കാണുക തുടങ്ങി പല കാര്യങ്ങളും ചെയ്യുവാൻ കടപ്പെട്ടവരാണ്.

ഞായറാഴ്ച ദിവസം ദൈവത്തെ ആരാധിക്കുവാൻ കടന്നു വരുകയും മററു ആറു ദിവസങ്ങളിലും സ്വന്ത കാര്യങ്ങൾക്കു മുൻതൂക്കം നല്കി ജീവിച്ചിരുന്നാലും ആ ജീവിതം ഒരു പ്രയോജനവും നല്കുന്നില്ല. നമ്മിലുള്ള ക്രിസ്തുവിനെ മററുള്ളവർക്കു കാണുവാൻ കഴിയുന്ന രീതിയിലായിരിക്കണം നമ്മുടെ ജീവിതം.

അപ്പോസ്തലനായ പൗലോസിൻെറ വാക്കുകൾ ക്രിസ്തീയ ജീവിതത്തെ ചുരുക്കമായി വരച്ചു കാട്ടുന്നതിപ്രകാരമാണ് ''ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതോ ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നതു. ഗലാത്യർ 2:20 ''.
ഒരു കവി ഇങ്ങനെ പാടി:—

ഞാൻ സമ്പത്തുകൾ എണ്ണി; ദൈവമോ കുരിശുകളും.
ഞാൻ ലാഭത്തിനുവേണ്ടി; പക്ഷേ ദൈവം നഷ്ടം കണ്ടു.
എൻെറ ധനത്തിൽ ഞാൻ എന്നെ ഉയർത്തി
ദൈവം എൻെറ ജീവനെ തേടി.... കുരിശിലേറി.
മഹത്വവും മാനവും ഞാൻ മോഹിച്ചപ്പോൾ
ദൈവത്തിനിഷ്ടം എൻ പൂർണ്ണ സമർപ്പണം.
ഞാൻ കല്ലറയിൽ എത്തിയപ്പോൾ .... ഈ വ്യർത്ഥ ലോകത്തെയും
ലോക മോഹങ്ങളെയും ശൂന്യം എന്നു കണ്ടു.
പ്രിയ സഹോദരാ, സഹോദരീ.... നിങ്ങളുടെ ജീവിതം ക്രമപ്പെടുത്തുമോ ?

---

# സ്നേഹത്തിൻെറ അദ്ധ്യായം

**ബോബ് ഡുൺകാൻ.**

വിശുദ്ധ അപ്പോസ്തലനായ പൗലോസ് കൊരിന്തിലുള്ള സഭയ്ക്കുവേണ്ടി എഴുതിയ ഒന്നാം ലേഖനത്തിൻെറ പതിമൂന്നാം അദ്ധ്യായം, സ്നേഹത്തിൻെറ അദ്ധ്യായം എന്നാണ് അറിയപ്പെടുന്നത്;

അതു ശരിയുമാണ്. യോഹന്നാൻ 3:16–ലെ ''ദൈവം ലോകത്തെ സ്നേഹിച്ചു'' എന്ന ഭാഗത്തും മത്തായി 5:44–ൽ ''നിങ്ങളുടെ ശത്രുക്കളെ സ്നേഹിച്ചു'' എന്നയിടത്തും, മററുചില ഭാഗങ്ങളിലു മെല്ലാം, സ്നേഹത്തിനുവേണ്ടി ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു പദം 'അഗാപ്പെ' ( Agape ) എന്നതാണ്. സ്നേഹം എന്ന വാക്കിൽ നിന്നും സ്നേഹിക്കപ്പെടുന്ന വ്യക്തിയ്ക്ക് ലഭിക്കുന്ന കരുതലും, ബന്ധവും വ്യക്തമാകുന്നു. ശരിയായ സ്നേഹമെന്നത് വെറും നന്മ പ്രവൃത്തികൾ മാത്രമല്ല, പക്ഷേ സ്നേഹത്തോടും, കരുതലോടും കൂടിയ ഒരു പ്രവൃത്തിയാണ്. കരുതലും സ്നേഹവുമില്ലാതെ തന്നെ പ്രവൃത്തികൾ ചെയ്യുന്നതിന് കഴിയും....പക്ഷേ അത്തരത്തിലുള്ള പ്രവൃത്തികൾ സ്നേഹത്തിൽ നിന്ന് ഉത്ഭവിച്ചതായിരിക്കുകയില്ല.

1 കൊരിന്ത്യർ 13–ാം അദ്ധ്യായത്തിൽ സ്നേഹമില്ലാതെ ചെയ്യപ്പെടുന്ന ചില പ്രവൃത്തികളെക്കുറിച്ചും, അവയുടെ ഫലമില്ലായ്മയെക്കുറിച്ചും വിവരിച്ചിരിക്കുന്നു. തന്റെ സമ്പത്തുക്കളെല്ലാം സാധുക്കൾക്ക് അന്നദാനം ചെയ്താലും, തന്റെ ശരീരം ചുടുവാൻ ഏല്പിച്ചാലും ഈ പ്രവൃത്തികളെ നിയന്ത്രിക്കുന്നത് സ്നേഹമല്ല എങ്കിൽ ആ പ്രവൃത്തി യാതൊരു നന്മയും ചെയ്യുന്നില്ല. ആയതിനാൽ സംനേഹമില്ലാതെ ഇത്തരത്തിലുള്ള പ്രവൃത്തികളിൽ അഭിമാനം കൊള്ളുന്നവരുണ്ട് എന്നു നാം മനസ്സിലാക്കിയിരിക്കണം.

കൊരിന്തിലുള്ള വിശ്വാസികൾക്കായി എഴുതുമ്പോൾ പൗലോസ് വ്യക്തമായി അവരെ ബോദ്ധ്യപ്പെടുത്തുന്ന മറെറാരുസത്യം, അത്ഭുത വരങ്ങളെക്കാളുപരി സ്നേഹത്തിന്റെ സ്വാധീനം നിലനില്ക്കുന്നു എന്നാണ്. ''അതിശ്രേഷ്ഠമായോരു മാർഗ്ഗം ഞാൻ നിങ്ങൾക്കു കാണിച്ചുതരാം. 1 കൊരിന്ത്യർ 12:31'' എന്നു പറഞ്ഞുകൊണ്ടാണ് സ്നേഹത്തെ അവതരിപ്പിക്കുന്നത്. അന്യ ഭാഷകളിൽ സംസാരിക്കുന്നതിനെക്കാളും, പ്രവചനവരം ലഭിക്കുന്നതിനെക്കാളും, പരിജ്ഞാനം പ്രാപിച്ചിരുന്നാലും സ്നേഹമില്ല എങ്കിൽ ഈ വരങ്ങൾ കൊണ്ട് യാതൊരു പ്രയോജനവുമില്ല എന്ന് പൗലോസ് കൊരിന്തിലുള്ള വിശ്വാസികളെ ഓർമ്മപ്പെടുത്തുന്നു. ഒന്നാം നൂററാണ്ടിൽ ദൈവവചനം പൂർത്തീകരിക്കപ്പെടാതിരുന്നതിനാൽ അത്ഭുത വരങ്ങളുടെ ആവശ്യമുണ്ടായിരുന്നു....പക്ഷേ ദൈവവചനം മനുഷ്യന്റെ രക്ഷക്കായി പൂർണ്ണമായി നല്കിയതിനുശേഷം അംശമായി നിലനിന്നിരുന്ന ആത്ഭുത വരങ്ങൾ നീങ്ങിപ്പോയി. ഇന്ന് ഒരു വ്യക്തിയെ ദൈവത്തിങ്കലേയ്ക്കു നടത്തുന്നതിന് അത്ഭുതങ്ങളുടെ ആവശ്യ

മില്ല... സുവിശേഷം മാത്രം മതി, ( 1 കൊരിന്ത്യർ 13:8; 2 തെസ്സലൊനിക്യർ 2:14; 2 തിമൊഥെ 3:16–17, 2 പത്രോസ് 1:3 എന്നീ വേദ ഭാഗങ്ങൾ വായിക്കുമല്ലോ ).

കൊരിന്തിലുള്ള വിശ്വാസികൾക്ക് ലഭിച്ചിരുന്ന വരങ്ങൾ അവരെ ക്ഷമയും, ദയവും ഉള്ളവരാക്കി തീർത്തില്ല. അവർക്ക് ലഭിച്ചിരുന്ന വരങ്ങൾ ശരിയായ രീതിയിൽ ഉപയോഗിക്കുന്നതിനു പോലും ശ്രമിക്കാത്തവരായിരുന്നു അവർ... പരസ്പരം അസൂയപ്പെട്ടും, സ്വന്തം കാര്യം നോക്കിയും അവർ വരങ്ങളെ ദുരുപയോഗിച്ചു... ദ്വേഷ്യവും, നിഗളവും, അനീതിയുമെല്ലാമായിരുന്നു ആ വിശ്വാസികളിൽ പൗലോസ് കാണുവാനിടയായത്... അത്ഭുത വരങ്ങൾക്കുള്ള കഴിവ് ഉണ്ടായിരുന്നിട്ടും സ്നേഹത്തിൻെറ അംശം ഒട്ടും കാണാതിരുന്ന അവരോട്... ഈ ആത്മിക വരങ്ങളെക്കാളും ശ്രേഷ്ഠമായ മാർഗ്ഗമായി സ്നേഹത്തെ അവതരിപ്പിച്ചുകൊണ്ട് അവരുടെ ജീവിത മാററത്തിൻെറ ആവശ്യകതയെക്കുറിച്ച് സംസാരിക്കുന്നു. ''സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു; സ്നേഹം സ്പർദ്ധിക്കുന്നില്ല. സ്നേഹം നിഗളിക്കുന്നില്ല, ചീർക്കുന്നില്ല അയോഗ്യമായി നടക്കുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദ്വേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല; അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു; എല്ലാം പൊറുക്കുന്നു; എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു. 1 കൊരിന്ത്യർ 13:4–7''.

ആത്മീയ വരങ്ങൾ അനുഭവിക്കുന്നവരായിരുന്നിട്ടും അവരുടെ ജീവിതത്തിൽ കണ്ട ഈ പോരായ്മകളെ നീകത്തുന്നതിന് സ്നേഹത്തിനു മാത്രമേ കഴിയൂ എന്നാണ് പൗലോസ് വ്യക്തമാക്കിയത്.... അതുകൊണ്ടാണ് സ്നേഹത്തെ അതിശ്രേഷ്ഠമായ മാർഗ്ഗമായി അദ്ദേഹം അവതരിപ്പിക്കുന്നത്.

സ്നേഹത്തിൻെറ നിത്യമായ, നശിക്കാത്ത സ്വഭാവത്താലാണ് അതിനെ അതിശ്രേഷ്ഠമായ മാർഗ്ഗമെന്ന് പൗലൊസ് വിശേഷിപ്പിച്ചത്. അത്ഭുത വരങ്ങൾ താത്ക്കാലിക സ്വഭാവത്തോടുകൂടിയതായിരുന്നു. അപ്പോസ്തലൻെറ വാക്കുകൾ ശ്രദ്ധിക്കുക ''സ്നേഹം ഒരുനാളും ഉതിർന്നു പോകയില്ല. പ്രവചനവരമോ, അതു നീങ്ങിപ്പോകും; ഭാഷാവരമോ, അതു നിന്നുപോകും; ജ്ഞാനമോ, അതു നീങ്ങിപ്പോകും. 1 കൊരിന്ത്യർ 13:8'' ഈ വാക്യത്തിൽ നിന്ന് പ്രവചനവും, അന്യഭാഷയും, ജ്ഞാനവുമെല്ലാം നീങ്ങിപ്പോകുവാനുള്ളതാണ് എന്നു വ്യക്തമാണല്ലോ. ആദിമ നൂററാണ്ടിലെ അത്ഭുതകരമായ ആ പരിജ്ഞാനം പോലും പൂർണ്ണമായിരുന്നില്ല എന്ന് വചനം വെളിപ്പെടുത്തുന്നു. ( 10–ാം വാക്യം ). അന്ന് ആ ഭാഗമായി

നിലവിലിരുന്നത് പൂർണ്ണമായിതീരുന്ന പ്രക്രിയയിലായിരുന്നു. പുതിയ നിയമം ദൈവഹിതത്തിന്റെ പൂർണ്ണമായ വെളിപ്പാടാണ്.... (അന്ന് പുതിയ നിയമം ഇന്നുള്ളതുപോലെ നിലവിലില്ലായിരുന്നു).

വചനം പൂർണ്ണമായി വരുന്നതുവരെയും, വചനം ഉറപ്പിക്കുന്നതിനുള്ള ഒരു മാദ്ധ്യമമായും.... അത്ഭുതവരങ്ങൾ ഉപയോഗിക്കപ്പെട്ടിരുന്നു. വചനം പൂർണ്ണമായി തീർന്നതിനാൽ അത്ഭുതവരങ്ങളുടെ (അംശമായതിന്റെ) ആവശ്യം ഇല്ലല്ലോ.

സഭയെ പക്വതയിലെത്തിക്കുന്നതിനു് സ്നേഹം വഹിക്കുന്ന പങ്കിനെ പരാമർശിച്ചു്....സ്നേഹം അതി ശ്രേഷ്ഠമായ മാർഗ്ഗമായി പരിഗണിക്കപ്പെടുന്നു. ശൈശവപ്രായത്തിലുള്ള സഭയ്ക്കു് (വളരുന്നതിനു് മുൻപു്) അത്ഭുത വരങ്ങളുടെ ആവശ്യമുണ്ടായിരുന്നു. ഈ വാക്കുകൾ ശ്രദ്ധിക്കുക ''ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു, ശിശുവിനെപ്പോലെ ചിന്തിച്ചു, ശിശുവിനെ പോലെ നിരൂപിച്ചു; പുരുഷനായ ശേഷമോ ഞാൻ ശിശുവിനുള്ളതു ത്യജിച്ചു കളഞ്ഞു....1 കൊരിന്ത്യർ 13:11''

തങ്ങളുടെ ശൈശവപ്രായത്തിൽ വളർച്ചയ്ക്കു് സഹായിക്കുന്നതിനായി നല്കിയിരുന്നതാണ് (അത്ഭുത) വരങ്ങൾ എന്ന് കൊരിന്ത്യയിലുള്ള സഭ മനസ്സിലാക്കിയിരുന്നുവോ ?

ആവശ്യത്തിലുപരിയായി വരങ്ങളെക്കുറിച്ചു് മാത്രം ചിന്തിച്ചിരുന്ന ആ വിശ്വാസികൾ തങ്ങൾ വളർന്നു് പക്വതയിലെത്തുന്നതിനു വേണ്ട സ്നേഹം എന്ന അതി ശ്രേഷ്ഠമായ മാർഗ്ഗത്തെ വിട്ടുകളഞ്ഞവരായിരുന്നില്ലേ ?

1 കൊരിന്ത്യർ 13-ാം അദ്ധ്യായത്തിലെ അവസാന വാക്യത്തിൽ (11-ാം വാക്യം അത്ഭുത വരങ്ങൾ നീങ്ങിപ്പോയതിനു ശേഷം നിലനില്ക്കുന്ന മൂന്നു മഹത്തായ കാര്യങ്ങളെക്കുറിച്ചു പറയുന്നു. വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയാണ് അവ. പക്ഷേ അപ്പോസ്തലൻ തുടർന്നു രേഖപ്പെടുത്തുന്ന മറ്റൊരു പരമ പ്രധാനമായ ഭാഗം ഇങ്ങനെയാണ്—''ഇവയിൽ വലിയതോ സ്നേഹം തന്നേ. 1 കൊരിന്ത്യർ 13:11''.

ഇന്നു് നമുക്കു് ഏററവും ആവശ്യമായ ഈ ഘടകത്തെക്കുറിച്ചു് നാം വേണ്ട രീതിയിൽ ചിന്തിച്ചിട്ടുണ്ടോ ? ക്രിസ്തീയ ജീവിതത്തിൽ സ്നേഹത്തിന്റെ ശക്തി വലിയ സാക്ഷ്യം നിർവ്വഹിക്കുന്നു- കർത്താവിന്റെ വാക്കുകൾ അവസാനമായി നമുക്കു് ശ്രദ്ധിക്കാം- ''നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്ന പുതിയോരു

കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നേ. നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും. യോഹന്നാൻ 13:34–35.''

---

# വേദപുസ്തക പരിജ്ഞാനം

**M. K. Kurian, Mamundail.**

ഉന്നത വിദ്യാഭ്യാസം ചെയ്തു ബൈബിൾ കോളേജുകളിലോ, മററു സെമിനാരികളിലോ പോയി വേദപുസ്തകം പഠിച്ചു് ബിരുദങ്ങൾ നേടിയാൽ അതാണു് വേദപുസ്തക പരിജ്ഞാനം എന്നു് ഇന്നത്തെ ലോകം തെററിദ്ധരിച്ചിരിക്കുന്നു.

വേദപുസ്തക പരിജ്ഞാനം എന്നതു എന്താണെന്നു പോലും അവർ മനസ്സിലാക്കിയിട്ടില്ല എന്നു തെളിയുന്നു. മാത്രമല്ല, ഇപ്രകാരം തെററിദ്ധരിക്കാത്തവർ ഈ ലോകത്തിൽ തന്നേ ചുരുക്കവുമാണ്. വേദപുസ്തകം ദൈവത്തിന്റെ വചനവും ദൈവത്തിന്റെ വചനം സത്യവും ആകുന്നു എന്നു വെളിപ്പെടുത്തിയിരിക്കുന്നു. (2 പത്രോ. 1:10; 21), (2 തിമൊ. 3:16), (സങ്കീ. 119:142), (യോഹ. 17:17). ആയതിനാൽ വേദപുസ്തക പരിജ്ഞാനം എന്നു പറയുന്നതു സത്യത്തിന്റെ പരിജ്ഞാനമാണു (തീത്തൊ. 1:2–3). എന്നാൽ വേദപുസ്തക പരിജ്ഞാനം അഥവാ സത്യത്തിന്റെ പരിജ്ഞാനം ലഭിക്കേണ്ടതിന്നു വേദപുസ്തകം മുഴുവനും പഠിച്ചിരിക്കണമെന്നു നിർബന്ധമില്ല. ദൈവത്തിന്റെ ഇഷ്ടം സകല മനുഷ്യരും രക്ഷപ്രാപിക്കണമെന്നും സത്യത്തിന്റെ (വേദപുസ്തകത്തിന്റെ) പരിജ്ഞാനത്തിൽ എത്തണമെന്നും ആകുന്നു: (1. തീമോ. 2:4). എന്നാൽ രക്ഷയെക്കുറിച്ചു് പഠിപ്പിക്കുന്നതോ, അതു് കൃപയാലുള്ള ദൈവത്തിന്റെ ദാനമാകുന്നു എന്നത്രേ (എഫെ. 2:8). ആയതിനാൽ ''രക്ഷപ്രാപിക്കുക'' എന്നതിൽ നിന്നും നാം അർത്ഥമാക്കുന്നതു് എന്തു് ?

''നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ''; എന്നു് തന്റെ അപ്പോസ്തലന്മാരോടു ആജ്ഞാപിച്ചുകൊണ്ടു'' വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷപ്രാപിക്കും എന്നും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും'' എന്നും ക്രിസ്തു വെളിപ്പെടുത്തി (മർക്കോ. 16:15–16). അപ്പോസ്തലന്മാർ ആദ്യ സുവിശേഷം പ്രസംഗിച്ച അതേ ദിവസം തന്നേ, അതു് കേട്ടു വിശ്വസിക്കയും അനുസരിക്കയും ചെയ്ത മൂവായിരം പേർ രക്ഷിക്കപ്പെട്ടതായി തി

ത്യവചനം പഠിപ്പിക്കുന്നു. മാത്രമല്ല, അവർ രക്ഷിക്കപ്പെട്ടശേഷം അപ്പോസ്തലൻമാരുടെ ഉപദേശപ്രകാരം ജീവിച്ചിരുന്നു എന്നും തെളിയുന്നു (പ്രവൃ.2). (റോമ.6:17.18. വാക്യം22). (1 തെസ്സ. 2:13). അവർ രക്ഷിക്കപ്പെട്ടതു് വേദപുസ്തകം മുഴുവനും പഠിച്ചശേഷമല്ല പിന്നെയോ സുവിശേഷത്താൽ മാത്രമാണു. സുവിശേഷത്താൽ അവർക്കു ലഭിച്ച രക്ഷ നഷ്ടമായിപ്പോകാതിരിക്കേണ്ടതിനാണ് അവർ അപ്പോസ്തലൻമാരുടെ ഉപദേശ പ്രകാരം ജീവിച്ചതു്. (2. തെസ്സ. 1:6–10) (2:13–15). രക്ഷിക്കപ്പെട്ട ശേഷം ആ രക്ഷ നഷ്ടപ്പെട്ടു പോകാതിരിക്കേണ്ടതിന്നാണ് സത്യത്തിൻെറ പരിജ്ഞാനം അഥവാ വേദപുസ്തക പരിജ്ഞാനം സഹായിക്കുന്നതു് (മത്താ.4:4).

രക്ഷിക്കപ്പെടാത്തവർക്ക് വേദപുസ്തക പരിജ്ഞാനം ലഭിച്ചിട്ടില്ല അഥവാ സത്യത്തിൻെറ പരിജ്ഞാനം വന്നിട്ടില്ല എന്ന് ഇതിൽ നിന്നും നമുക്കു മനസ്സിലാക്കാം. ( 1 കൊരി 2:6–16 ). എങ്കിലും രക്ഷിക്കപ്പെടാത്തവർ ആത്മാർത്ഥതയോടും, വേദപുസ്തകം മനുഷ്യൻെറ വചനമായിട്ടല്ല, സാക്ഷാൽ ആകുന്നതുപോലെ ദൈവത്തിൻെറ വചനമായിട്ടുതന്നെ അതംഗീകരിക്കയും സത്യം ഗ്രഹിക്കുവാനുള്ള ആകാംക്ഷയോടും കൂടെ അതു പഠിക്കയും ചെയ്യുന്ന പക്ഷം തൽഫലമായി സുവിശേഷം അനുസരിക്കുവാൻ അവൻ പ്രേരിതനാകയും രക്ഷിക്കപ്പെടുകയും അവൻ രക്ഷ പ്രാപിക്കയും ചെയ്യും. രക്ഷിക്കപ്പെട്ടശേഷമുള്ള ജീവിതത്തിൻെറ ഫലമായി വേദപുസ്തക പരിജ്ഞാനം ( സത്യത്തിൻെറ പരിജ്ഞാനം ) ലഭിക്കുന്നതിനാലാണ അവൻ രക്ഷപ്രാപിക്കുന്നതു. ( ആവ 18:15–19 ) ( യെശ 53 ) ( യോഹ 3:16 ). ( യോഹ 13:20 ) ( ഗലാ 3;13–27 ) ( 1 പത്രോ 1:10–12 ) സദൃ 2:2–6 ). എന്തുകൊണ്ടെന്നാൽ, നിങ്ങൾ സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രൻമാരാക്കുകയും ചെയ്യും എന്ന് ക്രിസ്തു പറഞ്ഞു ( യോഹ 8:31–32 ). രക്ഷപ്രാപിപ്പാനായി അറിയേണ്ട സത്യം അറിയും എന്ന് അർത്ഥം. രക്ഷിക്കപ്പെടുമ്പോഴാണ് സ്വതന്ത്രൻമാരാകുന്നതു. ആ സത്യമാണ് അപ്പോസ്തലൻമാർ പ്രസംഗിച്ച സുവിശേഷം ( റോമ 1:16 ). ( റോ 6:17–18 ) ( ഗലാ 5:1 ) ( 2 കൊരി 4:1–8 ).

പ്രിയരേ, ഒരുവൻ രക്ഷിക്കപ്പെട്ട ശേഷം ആ രക്ഷ നഷ്ടപ്പെട്ടു പോകാതിരിപ്പാൻ അപ്പോസ്തലൻമാർ പഠിപ്പിച്ച ക്രിസ്തുവിൻെറ ഉപദേശത്തിൻെറ വെളിച്ചത്തിൽ ( സുവിശേഷത്തിൻെറ വെളിച്ചത്തിൽ ) വേദപുസ്തകത്തിൽ നിന്നും ദൈവം നല്കുന്ന ജ്ഞാനമാണു വേദപുസ്തക പരിജ്ഞാനം. അതിനു വേദപുസ്തകത്തിൽ നിന്നും യേശുക്രിസ്തു മുഖാന്തരമുള്ള രക്ഷാമാർഗ്ഗത്തെ ആധാരമാക്കിയുള്ള വചനം ഗ്രഹിച്ചിരുന്നാൽ മാത്രം മതിയാകുന്നതാണു. അതു പ്രകാരം ജീവിച്ചാൽ രക്ഷ നഷ്ടപ്പെടുകയില്ല. (യോഹ 1:17) (യോ 8:31

32). അതിൽ കൂടുതൽ വേദപുസ്തകം മനസ്സിലാകുന്നതും, പഠിക്കുന്നതും, സുവിശേഷകന്മാർക്കും, ഉപദേഷ്ടാക്കന്മാർക്കും, മൂപ്പന്മാർക്കുമെല്ലാം ഉപകാരപ്രദമാണ് എന്നുമാത്രം. കള്ളപ്രവാചകന്മാരുടെയും, ദുരുപദേഷ്ടാക്കന്മാരുടെയും ഉപദേശങ്ങളിൽ വിശ്വസിക്കയും അവരുടെ പുറകെ പോയി രക്ഷ നഷ്ടപ്പെടുത്തിക്കളകയും ചെയ്യാതിരിപ്പാൻ തക്കവണ്ണം ''സത്യം'' അറിഞ്ഞിരിക്കുക അവസ്ഥയയാണ് വേദപുസ്തക പരിജ്ഞാനം ( എഫെ 4:11–16 ) (റോമ 6:22). എന്നാൽ രക്ഷിക്കപ്പെടാത്ത ഒരുവൻ വേദപുസ്തകം മുഴുവനും പഠിച്ചിരുന്നാലും അവന്റെ ജ്ഞാനം വേദപുസ്തക പരിജ്ഞാനമല്ല.

അത് ഈ ലോകത്തിന്റെ ജ്ഞാനമാണ്. അപ്രകാരമുള്ള വേദപുസ്തക പരിജ്ഞാനവും വ്യർത്ഥമാണ് ( 1 കൊരി 3:19–20 ). രക്ഷിക്കപ്പെടുന്നവരെ കർത്താവു സഭയോടു ചേർക്കുന്നു. ( പ്രവൃ 2:47 ). ''എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറെയായി അവയവങ്ങളും ആകുന്നു'' എന്നു പറയുന്നത് ആ സഭയോടാകുന്നു. ഇതിന്റെയർത്ഥം ക്രിസ്ത്യാനികളായ അവയവങ്ങളാൽ ക്രിസ്തുവിന്റെ ശരീരമായ സഭ രൂപം പ്രാപിക്കയും ക്രിസ്തു അതിനു തലയായിരിക്കയും ചെയ്യുന്നു എന്നാണ് ( 1കൊരി 12:27 ), ( എഫെ. 1:20–23 ), ( കൊലൊ 1:18 ). ആ സഭ സ്ഥാപിച്ചത് ക്രിസ്തു തന്നേ എന്നും അതു അവന്റെ സഭ തന്നേ എന്നും കർത്താവും, ദൈവവും ആ ക്രിസ്തു തന്നേ എന്നും വേദപുസ്തകം പഠിപ്പിക്കുന്നു ( മത്താ 16:18–19 ) ( യോഹ 10:30 ) ( പ്രവൃ 20:28 ), ( യോഹ 17:23 ). പ്രിയരേ, നമ്മുടെ കർത്താവും ദൈവവുമായ ക്രിസ്തുവിന്റെ സഭയ്ക്കു, അനേകം അപരനാമങ്ങൾ ചെയ്ത വേദപുസ്തക പണ്ഡിതന്മാരുടെയും അവരെ അനുകരിക്കുന്നവരുടേയും പരിജ്ഞാനം എന്തു ? ( യെശ 29:13–15).

ഇപ്രകാരം തിരുവചന വിരുദ്ധമായ വിവിധ നാമങ്ങളാൽ അറിയപ്പെടുന്നതും, പരസ്പര സ്നേഹവും, ഐക്യതയും ഇല്ലാത്തതും, മാനുഷ കല്പനകളായ ഉപദേശങ്ങളും, ആചാരാനുഷ്ഠാനങ്ങളും പഠിപ്പിക്കുന്നതുമായ മത പണ്ഡിതന്മാരെയാണ് ഇന്നു് നാമെല്ലാവരും വേദപുസ്തക പരിജ്ഞാനികളായി തെററിദ്ധരിച്ചിരിക്കുന്നതു് എന്നു ഓർമ്മിക്കേണ്ടതുണ്ടു് (ഗലാ. 1:6–9). തന്റെ അപ്പോസ്തലന്മാരെയും അവരുടെ സുവിശേഷത്താൽ തന്നിൽ വിശ്വസിക്കുന്നവരേയും ഇനിയും വിശ്വസിക്കുവാനിരിക്കുന്നവരേയും മുന്നിൽ കണ്ടു കൊണ്ടു അവസാനമായി ക്രിസ്തു തന്റെ പിതാവിനോടു ഇപ്രകാരം യാചിച്ചു. സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യം ആകുന്നു..........................———

..................... നീ എന്നെ അയച്ചിരിക്കുന്നു എന്നു് ലോകം വിശ്വസിപ്പാൻ (എങ്ങനെ?) പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആകുന്നതു പോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നേ" എന്ന്. (യോഹ. 17:17,21). പ്രിയരേ; ക്രിസ്തുവിൽ (ദൈവത്തിൽ) ഒന്നാകുക എന്നു പറഞ്ഞാൽ അതിൻെറ യഥാർത്ഥം അവൻെറ ശരീരമായ സഭയിൽ ഒന്നാകുക എന്നാണ് (1. കൊരി. 12:27) (എഫെ. 2:13–16) (കൊലൊ 1:18). അതാണ് ദൈവേഷ്ടം. അതിനുവേണ്ടി അവൻ ക്രൂശിൽ തൻെറ രക്തം ചൊരിഞ്ഞു. (യോഹ. 11:47–63). (1 പത്രൊ. 1:18–19). എന്നാൽ ഈ ദൈവഹിതത്തെ തൃണവൽഗണിച്ചും കൊണ്ടു ക്രിസ്ത്യാനികൾ എന്നവകാശപ്പെടുന്നവർ അവർ അപര നാമങ്ങളാൽ അറിയപ്പെടുന്ന നൂറു കണക്കിനു് സമുദായ സംഘടനകളായി പരസ്പര ബന്ധമില്ലാതെ ഭിന്നിച്ചു ചിതറിയിരിക്കുന്നു. ഇതിനു കാരണമായതു് അവരുടെ വേദപുസ്തക പരിജ്ഞാനമോ ? (മത്താ. 12:30) (2 യോഹ. 8,9).

പ്രിയരേ, ''വേദപുസ്തക പരിജ്ഞാനം'' എന്നതു ദൈവത്തിൻെറ മനുഷ്യനു് അവൻെറ രക്ഷക്കായി ദൈവം നല്കുന്ന ജ്ഞാനമാണ്. അതു ഉയരത്തിൽ നിന്നുള്ള ജ്ഞാനമാണു. സുവിശേഷം അനുസരിക്കാത്ത ആ ജ്ഞാനം ലഭിക്കുമെന്നുള്ള മോഹം വ്യർത്ഥമത്രേ. (2 തിമോ. 3:16.17) (സദൃ. 2:2–6) (യാക്കോ. 3:17) (മത്താ. 15:8, 9). വേദപുസ്തകം മുഴുവനും വായിച്ചു പഠിച്ചു മനസ്സിലാക്കിയ ശേഷം രക്ഷിക്കപ്പെടുവാനല്ല ദൈവം കല്പിക്കുന്നതു. അതിനു് എല്ലാവർക്കും സമയം കിട്ടിയെന്നു വരികയില്ല. സുവിശേഷം അനുസരിച്ചു് രക്ഷ പ്രാപിപ്പാൻ മാത്രമാണ് ദൈവം കല്പിക്കുന്നതു്. (റോ 1:16) (മർക്കൊ. 16:15:16) (മത്താ. 17:5) തുടർന്നുള്ള സുവിശേഷാനുസരണമുള്ള ജീവിതത്തിൻെറ ഫലമായാണ് വേദപുസ്തക പരിജ്ഞാനം (സത്യത്തിൻെറ പരിജ്ഞാനം നമുക്കു ലഭിക്കുന്നതു്. 12 പത്രൊ. 3:9,18).

ആകയാൽ, സുവിശേഷം കേട്ടു വിശ്വസിക്കുവാനും, മാനസാന്തരപ്പെടുവാനും, യേശുവിനെ ഏററു പറഞ്ഞ് പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നാനം ഏററ് പരിശുദ്ധാത്മദാനം സ്വീകരിപ്പാനും അങ്ങനെ രക്ഷ പ്രാപിപ്പാനും, സത്യത്തിൻെറ (വേദപുസ്തകത്തിൻെറ) പരിജ്ഞാനം പ്രാപിപ്പാനും ദൈവം നമുക്ക് ഓരോരുത്തർക്കും കൃപ നല്കുമാറാകട്ടെ.

---

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH** — *The Voice of Truth* — Speakers : Reggie Gnanasundaram and J. C. Choate.

All correspondence should be sent to The Voice of Truth. Post Box 3815, New Delhi 110049.

Sundays—10 : 15 to 10 : 30 P.M.

Tuesdays—9 : 30 to 9 : 45 A.M.

**HINDI**—*Satya Susamachar*—Speaker : Sunny David.

All correspondence Should be sent to Satya- Susamachar, post Box 3815, New Delhi 110049.

Tuesdays—9 : 00 to 9 : 15 P.M.

Thursdays—9 : 00 to 9 : 15 P.M.

Fridays — 9 ; 00 to 9 : 15 P. M.

Saturdays— 9 : 45 to 10 : 00 P. M.

**TELUGU**—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth. Post Box 80, Kakinada. 533001.

Sundays—2 : 30 to 2 : 45 P. M.

Mondays—2 : 30 to 2 : 45 P.M.

Tuesdays—2: 30 to 2 : 45 P.M.

Wednesdays—2 : 30 to 2 : 45 P.M.

Fridays — 2 : 30 to 2 : 45 P.M.

Saturdays—2 : 30 to 2 : 45 P.M.

**TAMIL**—*"The Way of Truth"*— Speaker : P. R. Swamy.

All correspondence should be sent to The Way of Truth. Post Box 8405, Bangalore 560084.

Tuesdays— 5 : 30 to 5 : 45 P. M.

Thursdays—6 : 45 to 7 : 00 P.M.

Sundays—6 : 45 to 7 : 00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese.

All Correspondence should be sent to Church of Christ Quilon—1, Kerala.

Tuesdays—3 : 45 to 4 : 00 P.M.

Fridays — 3 : 45 to 4 : 00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Regd : No. K. Dis, 90095/ 86/ A8

# "യേശു : കരുണാമയനായ കർത്താവു്"

ഏവർക്കും സ്വാഗതം * പ്രവേശനം സൗജന്യം

## പ്രോഗ്രാം

എല്ലാ ദിവസവും സൗജന്യ ഫിലിം ഷോ

ഫെബ്രുവരി 1.
**മനുഷ്യന് കരുണ ആവശ്യമാണ്**

ഫെബ്രുവരി 2.
**കരുണ നിറഞ്ഞ ദൈവ ഹൃദയം**

ഫെബ്രുവരി 3.
**യേശു : കരുണയുടെ ദാനം**

ഫെബ്രുവരി 4; **രക്ഷ : കരുണയുടെ മാർഗ്ഗം**

ഫെബ്രുവരി 5. **ദൈവ കരുണയുടെ സ്വീകാര്യം**

To

From
THE BIBLE TRUTH
Church of Christ
Sunny Meads Lane
Trivandrum-34
Kerala, India